20.02.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി

ക്രിസ്തീയ പത്രം

Vol. 26
Issue 5

കേരളം ലഹരിയുടെ സ്വന്തം നാടോ?



പി.എസ്. ചെറിയാൻ



■ ഞെട്ടിക്കുന്ന കൊലപാതകങ്ങൾ ■ അസാധാരണ ആത്മഹത്യകൾ ■ മൃഗീയമായ റാഗിങ് ■ ഭ്രാന്ത് പിടിപ്പിക്കുന്ന ലഹരി ■ ലൈംഗിക അതിക്രമങ്ങൾ

കോട്ടയം: കേരളം എന്ന പ്രകൃതി രമണീയമായ നാടിന്റെ നാട്ടുപച്ചകൾക്ക് ഇപ്പോൾ രക്ത നിറമാണ്. ദൈവത്തിന്റെ നാട് ഇന്ന് ആത്മഹത്യകളുടെയും കൊലപാതകങ്ങളുടെയും നാടായിരിക്കുന്നു. ക്യാമ്പസുകളുടെ ഇടനാഴികളിൽ യുവത്വത്തിന്റെ ഭാവിസ്വപ്നങ്ങൾ തകർന്നടിയുന്നു. ലഹരിയുടെ പിടിയിലമർന്ന ഒരു തലമുറ 'ഒന്ന് മറ്റൊന്നിനെ കൊന്നു തിന്നുന്ന' കാഴ്ചകൾ. അസാധാരണവും

അതിദാരുണവുമായ സംഭവങ്ങൾ അരങ്ങേറുന്ന കേരളത്തിന് ഇതെന്തുപറ്റി എന്ന് മനുഷ്യമനസാക്ഷിയിൽ നിന്ന് ചോദ്യം ഉയരുന്നു.

ഒരു വർഷം മുമ്പാണ് വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാല ക്യാമ്പസിൽ ക്രൂരമായ റാഗിങ്ങിനിരയായി ബി.വി.എസ്.സി രണ്ടാംവർഷ വിദ്യാർത്ഥി ജെ. എസ്. സിദ്ധാർത്ഥൻ ശുചിമുറിയിൽ തൂങ്ങിമരിച്ചത്. ആൾക്കൂട്ട വിചാരണയിലൂടെ അഭിമാനക്ഷതമേൽപ്പിക്കുകയും ക്രൂരമായി പീഡിപ്പിക്കുകയും ചെയ്ത മനുഷ്യ മൃഗങ്ങളാണ് സിദ്ധാർത്ഥന്റെ ഭാവി പ്രതീക്ഷകൾ തല്ലി കെടുത്തിയത്.

കോട്ടയം ഗാന്ധി നഗറിലെ ഗവ. നേഴ്സിങ് കോളജിലും തിരുവനന്തപുരം കാര്യവട്ടം കോളേജിലും മൃഗീയമായ റാഗിംങ് നടന്നു. താമരശ്ശേരിയിലെ വിദ്യാർത്ഥി സംഘർഷത്തിൽ മുഹമ്മദ് ഷഹബാസ് എന്ന പതിനഞ്ചുകാരന്റെ ജീവൻ പൊലിഞ്ഞു.

ലഹരിയുടെ വ്യാപനവും ഇന്റർനെറ്റിന്റെ ദുരുപയോഗവും അക്രമാസക്തമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു. കൗമാരങ്ങളെ ബാധിച്ചിരിക്കുന്ന ലഹരി എന്ന ദുർഭൂതം ക്യാമ്പസുകളെയും തൊഴിലിടങ്ങളെയും പിടിമുറുക്കിയിരിക്കുകയാണ്. കുടുംബ ബന്ധങ്ങളുടെ തകർച്ചയ്ക്കും

വിഷാദരോഗത്തിനും ഇത് വഴിയൊരുക്കുന്നു. പാഠ്യ ഗ്രന്ഥങ്ങൾക്ക് പകരം സിന്തറ്റിക് ലഹരിയും മാരകായുധങ്ങളുമാണ് വിദ്യാർഥികൾക്ക് കൂട്ട് എന്നത് സങ്കടകരമാണ്.

ലൈംഗികാതിക്രമങ്ങളുടെ വാർത്തകൾ നിരന്തരം പത്രങ്ങളിൽ നിറയുന്നു. ശാരീരികമായും ലൈംഗികമായും പീഡിപ്പിക്കപ്പെടുന്ന കുരുന്ന ബാല്യങ്ങളുടെ നിലവിളികൾ നമ്മുടെ നാടിനെ നടക്കുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞവർഷം റിപ്പോർട്ട് ചെയ്യപ്പെട്ടത് 4594 പോക്സോ കേസുകളാണ്.

വിചിത്രമായ കൊലപാതക പരമ്പരകളാണ് കേരളത്തെ വിറങ്ങലിപ്പിക്കുന്നത്. കുടുംബാംഗങ്ങളെ, അച്ഛനെ, അമ്മയെ ഒക്കെ കൊലപ്പെടുത്താൻ മടിയോ കുറ്റബോധമോ ഇല്ലാത്തവിധം ഒരു തലമുറ വളർന്നുനിൽക്കുന്നു.

കിളിയൂരിൽ മെഡിക്കൽ വിദ്യാർഥിയായ മകൻ പ്രിജിൻ ജോസ് സാത്താൻ സേവയ്ക്കും ദുർമന്ത്രവാദത്തിനുമിരയായി അച്ഛനെ അതിക്രൂരമായി വെട്ടി കൊന്നിട്ട് അധികനാൾ ആയിട്ടില്ല. വെഞ്ഞാറമൂട്ടിൽ കുടുംബാംഗങ്ങളായ നാലു പേരെയും പെൺ സുഹൃത്തിനെയും അഫാൻ കൊലപ്പെടുത്തിയത് നാടിനെ നടുക്കിയ സംഭവമാണ്. ചുറ്റികകൊണ്ട് അടിച്ചാണ് അഫാൻ ഈ അരുംകൊല നടത്തിയത്.

വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ നമ്മുടെ മനസ്സാക്ഷിയെ മരവിപ്പിക്കുന്നു. കഴിഞ്ഞവർഷം സംസ്ഥാനത്ത് 18 വയസ്സിന് താഴെയുള്ള 391 പേരാണ് ആത്മഹത്യ ചെയ്തത്. ദേശീയതലത്തിലെ ആത്മഹത്യാനിരക്കിൽ കേരളം മുന്നിലാണ് എന്നത് നമ്മെ ഭയപ്പെടുത്തുന്ന കണക്കാണ്.

കോട്ടയം ഏറ്റുമാനൂരിൽ സമീപം അമ്മയും രണ്ടു പെൺമക്കളും റെയിൽപാളത്തിൽ കെട്ടിപ്പിടിച്ചു നിന്ന് ലോകത്തോട് വിട പറഞ്ഞത് കേരളം ഞെട്ടലോടെയാണ് അറിഞ്ഞത്. ആത്മഹത്യയ്ക്ക് പിന്നിൽ കുടുംബ തകർച്ച, സാമ്പത്തിക പ്രതിസന്ധി, അഭിമാനക്ഷതം,പരാജയം എന്നിങ്ങനെ പല കാരണങ്ങൾ ഉണ്ടാകാം. മാനസിക സംഘർഷം അനുഭവിക്കുന്ന, തകർന്ന ബന്ധങ്ങളിൽ നീറുന്ന ജീവിതത്തിന്റെ സ്വപ്നങ്ങൾക്ക് ചിറകു നൽകുവാൻ നമുക്ക് കഴിയണം. ഒരു വാക്കുണ്ടെങ്കിലും ചേർത്തു പിടിക്കുവാൻ കഴിഞ്ഞാൽ പലരും തകർച്ചയിൽ നിന്ന് കരകയറും. മതവും രാഷ്ട്രീയവും സംസ്കാരവും സജീവമായ ഒരു നാട്ടിൽ നടക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് നടക്കുന്നത്. ഇപ്പോൾ നാം ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണ്. നമ്മുടെ നാടിന്റെ സമാധാനത്തിനും സ്വസ്ഥതയ്ക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഐപിസി ഗ്ലോബൽ മീഡിയ യുഎഇ ചാപ്റ്ററിന് പുതിയ നേതൃത്വം



ഷാർജ: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിലെ എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും ആഗോള കൂട്ടായ്മയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ യുഎഇ ചാപ്റ്റർ ഭാരവാഹികളായി പാസ്റ്റർ വിൽസൺ ജോസഫ് (രക്ഷാധികാരി), ലാൽ മാത്യു (പ്രസിഡന്റ്), ഡോ. റോയ് ബി. കുരുവിള (വൈസ് പ്രസിഡന്റ്), കൊച്ചുമോൻ ആന്താര്യത്ത് (സെക്രട്ടറി), വിനോദ് എബ്രഹാം (ജോയിന്റ് സെക്രട്ടറി), നെവിൻ മങ്ങാട്ട് (ട്രഷറർ), പി. സി. ഗ്ലെന്നി (ജനറൽ കൗൺസിൽ അംഗം), പാസ്റ്റർ ജോൺ വർഗീസ്, ആന്റോ അലക്സ് (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരെഞ്ഞെടുത്തു.

ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ അന്തർ ദേശീയ ഭാരവാഹികളായ സജി മത്തായി കാതേട്ട്, ഷിബു മുള്ളംകാട്ടിൽ എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. ഐപിസി യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് അനുഗ്രഹ പ്രാർത്ഥന നടത്തി. എഴുത്തുകാരനും പി വൈ പി എ കേരള സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയുമായ സന്ദീപ് വിളമ്പുകണ്ടം പ്രസംഗിച്ചു.

വൈറ്റ് ഹൗസിൽ മലയാളി യുവാവിന് നിയമനം

നിബു വെള്ളവന്താനം

ന്യൂയോർക്ക് : അമേരിക്കൻ വൈറ്റ് ഹൗസ് ഓഫീസ് ഓഫ് ഇന്റർ ഗവൺമെൻറ് അഫയേഴ്സ് കോ ഓർഡിനേറ്ററായി മലയാളി യുവാവും പത്തനംതിട്ട സ്വദേശിയുമായ ഫിൻലി വറുഗീസിന് നിയമനം ലഭിച്ചു. വൈറ്റ് ഹൗസ് ഓഫീസ് ഓഫ് ഇന്റർ ഗവൺമെൻറ് അഫയേഴ്സിലേക്കുള്ള നിയമനങ്ങൾ പ്രസിഡന്റ് ട്രംപ് ആണ് പ്രഖ്യാപിച്ചത്. റിപ്പബ്ലിക്കൻ നാഷണൽ കമ്മിറ്റിയിൽ പ്രോഗ്രാമിംഗ് & പൊളിറ്റിക്കൽ മാനേജരായും റീജിയണൽ പൊളിറ്റിക്കൽ കോർഡിനേറ്ററായും സേവനമനുഷ്ഠിച്ചു വരികയായിരുന്നു ഫിൻലി വർഗീസ്.

വൈറ്റ് ഹൗസ് ഓഫീസ് ഓഫ് ഇന്റർ ഗവൺമെന്റൽ അഫയേഴ്സ് (ഐ.ജി.എ) പ്രസിഡന്റിന്റെ അസിസ്റ്റന്റിനും വൈറ്റ് ഹൗസ് ഡെപ്യൂട്ടി ചീഫ് ഓഫ് സ്റ്റാഫ് ജെയിംസ് ബ്ലെയറിനുമാണ് ഡ്യൂട്ടികൾ റിപ്പോർട്ട് ചെയ്യേണ്ടത്. പ്രസിഡന്റിന്റെ ഡെപ്യൂട്ടി അസിസ്റ്റന്റും ഐ.ജി.എ ഡയറക്ടറുമായ അലക്സ് മേയറാണ് ഓഫീസിന്റെ നിയന്ത്രണം.



ഫ്ളോറിഡ സൗത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ ബിരുദപഠനം പൂർത്തിയാക്കിയ ഫിൻലി, റിപ്പബ്ലിക്കൻ നാഷണൽ കമ്മിറ്റിയുടെ നോർത്ത് കരോളിന, ജോർജിയ തുടങ്ങിയ സ്റ്റേറ്റുകളുടെ ഫീൽഡ് ഓർഗനൈസറായും പ്രവർത്തിച്ചിട്ടുണ്ട്. പസഫിക് വെസ്റ്റ് റീജണൽ ഡയറക്ടറുടെ കീഴിൽ പൊളിറ്റിക്കൽ കോർഡിനേറ്ററായും പ്രവർത്തിച്ചിരുന്ന ഫിൻലി 2023 മുതൽ 2025 ജനുവരി വരെ വാഷിംഗ്ടൺ ഡിസി യിൽ പ്രോഗ്രാമിംഗ് ആന്റ് പൊളിറ്റിക്കൽ മാനേജറായി പ്രവർത്തിച്ചു വരവെയാണ് പുതിയ നിയമനം തേടിയെത്തിയത്.

ഫ്ളോറിഡ ലേക്ക് ലാൻഡ് ഐ.പി.സി സഭാംഗമാണ്. 2018 ലെ ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ യൂത്ത് കോർഡിനേറ്ററായും 2019 ലെ കോൺഫറൻസിന്റെ സെൻട്രൽ ഫ്ളോറിഡ പ്രതിനിധിയായും പ്രവർത്തിച്ചിട്ടുണ്ട്. പത്തനംതിട്ട ഇലന്തൂർ ചിറക്കടവിൽ കുടുംബാഗം ചേറ്റുകടവിൽ വർഗീസ് സി. വർഗീസിന്റെയും ജെസിമോൾ വർഗീസിന്റെയും മകനാണ് ഫിൻലി വർഗീസ്. ഐ.പി.സി തോന്നിയമല സഭയുടെ സ്ഥാപക കുടുംബാംഗവും മാരാമൺ ഐ.പി.സി അംഗവുമായിരുന്ന പരേതനായ ചേറ്റുകടവിൽ വർഗീസിന്റെ കൊച്ചു മകനുമാണ്.

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 13 ▪

സ്നേഹത്തിന്റെ സാങ്കേതികത്വങ്ങൾ



സജി പീച്ചി



വിദേശത്തായിരിക്കുന്ന മക്കൾ ക്ഷീണാവസ്ഥയിൽ കഴിയുന്ന മാതാപിതാക്കളെ വിളിച്ച് അന്വേഷിച്ചില്ലെങ്കിൽ, അല്പം പരിഗണന കാണിച്ചില്ലെങ്കിൽ, അരക്ഷിതാവസ്ഥയിൽ കഴിയുന്ന കൂട്ടു വിശ്വാസികളെ സഭാ ശുശ്രൂഷകൻ സന്ദർശിച്ചില്ലെങ്കിൽ അവർക്കുണ്ടാകുന്ന ഇത്തരം മാനസ്സീക പിരിമുറുക്കം വലിയ പ്രശ്നങ്ങളിലേക്കും വിഭാഗീയ ചിന്തകളിലേക്കും മനുഷ്യനെ വലിച്ചിഴച്ചു കൊണ്ടു പോകും.

അച്ചായാ..! നിങ്ങൾക്കെന്നോട് ആത്മാർത്ഥ സ്നേഹമുണ്ടോ..?

പ്രതീക്ഷിക്കാതെയുള്ള പ്രീയതമയുടെ ചോദ്യം കേട്ട് ഭർത്താവ് സ്തബ്ദനായി.

എന്താ ഇപ്പോൾ ഇങ്ങനെ തോന്നാൻ..?

ഭർത്താവിന്റെ മറു ചോദ്യം..

അല്ല...! കുറച്ചു നാളായി നിങ്ങൾ എന്നെ അവഗണിക്കുന്നുണ്ടോ എന്നൊരു തോന്നൽ...! യാതൊന്നും തുറന്നു പറയാത്ത പോലെ..! സ്നേഹത്തിന് അപചയം സംഭവിച്ചത് പോലെ... എല്ലാവരിൽ നിന്നും അവഗണന അനുഭവിക്കുന്നത് പോലെ...! ഭർത്താവ്, മക്കൾ, കൂടപ്പിറപ്പുകൾ ഇവരിൽ നിന്നാകുമ്പോൾ സഹിക്കാൻ കഴിയാത്തത് പോലെ...!

ജീവിത സാഹചര്യങ്ങൾ മാറിമറിയുമ്പോൾ അറിഞ്ഞോ അറിയാതെയോ ചോദിച്ചു പോകുന്ന ചോദ്യമാണിത്.

ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ കുടുംബ ബന്ധങ്ങളിൽ വിള്ളൽ സംഭവിക്കുമ്പോൾ മിക്ക കുടുംബങ്ങളിലുമുണ്ടാകുന്ന ഈഗോയിൽ നിന്നുയരുന്നതാണ് ഇത്തരം ചിന്തകൾ..!

വിദേശത്തായിരിക്കുന്ന മക്കൾ ക്ഷീണാവസ്ഥയിൽ കഴിയുന്ന മാതാപിതാക്കളെ വിളിച്ച് അന്വേഷിച്ചില്ലെങ്കിൽ, അല്പം പരിഗണന കാണിച്ചില്ലെങ്കിൽ, അരക്ഷിതാവസ്ഥയിൽ കഴിയുന്ന കൂട്ടു വിശ്വാസികളെ സഭാ ശുശ്രൂഷകൻ സന്ദർശിച്ചില്ലെങ്കിൽ അവർക്കുണ്ടാകുന്ന ഇത്തരം മാനസ്സീക പിരിമുറുക്കം വലിയ പ്രശ്നങ്ങളിലേക്കും വിഭാഗീയ ചിന്തകളിലേക്കും മനുഷ്യനെ വലിച്ചിഴച്ചു കൊണ്ടു പോകും. പിന്നീടത് ഉഗ്ര സ്ഫോടനമായി പരിണമിക്കുമ്പോഴേക്കും സമയം അതിക്രമിച്ചിരിക്കും. സമാധാന ശ്രമങ്ങൾക്കും ശേഷക്രീയകൾക്കും പരിണിത ഫലം ലഭിക്കാതെ പോകുന്നു. ഹൃദയത്തിലുണ്ടാകുന്ന ഇത്തരം വിള്ളൽ സാരമായ പ്രത്യാഘാതങ്ങളാണുണ്ടാക്കുന്നത്.

എല്ലാവരും എന്നെ അവഗണിക്കുകയാണോ..? ഒരു മൂലയിൽ എന്നെ തള്ളിടുകയാണോ..? കാര്യമാത്ര പ്രസക്തങ്ങളായ പലതും എന്നിൽ നിന്നും ഒളിക്കുകയാണോ..? ആരൊക്കെയോ എന്തൊക്കെയോ എന്നിൽ നിന്ന് മറയ്ക്കുന്നുണ്ടോ.....? മറ്റുള്ളവർ തമ്മിലുള്ള അടക്കം പറച്ചിൽ എന്നോടുള്ള വിവേചനമല്ലേ..?

എല്ലാവർക്കും ഞാൻ ഒരു ബാധ്യതയായി മാറുകയാണോ..? ഇങ്ങനെയുള്ള ചിന്താഗതികളാണ് കടുത്ത തീരുമാനങ്ങളിലേക്കും മാരക രോഗങ്ങളിലേക്കും മനുഷ്യനെ കൊണ്ടെത്തിക്കുന്നത്.

ചോരയും നീരുമുള്ളപ്പോൾ പടക്കുതിരയെപ്പോലെ ഓടി നടന്ന പലർക്കും ചുറ്റുപാടുകളിൽ നിന്നും സമൂഹത്തിൽ നിന്നും മുക്തകണ്ഠമായ പ്രശംസയാണ് ലഭിച്ചതെങ്കിൽ ക്ഷീണാവസ്ഥയായപ്പോൾ അത്തരം അംഗീകാരങ്ങൾ അസ്ഥാനത്താകുന്നു. അതോടെ സ്വയം തോന്നിപ്പോകുന്ന ഒരു തരം മാനസ്സീക പിരിമുറുക്കമാണിത്.

കൂട്ടുകുടുംബ വ്യവസ്ഥിതി അന്യം നിന്ന ആധുനിക കാലഘട്ടത്തിൽ അണുകുടുംബത്തിന്റെ അതിപ്രസരം സമൂഹത്തെ സാരമായി സ്വാധീനിച്ചു. മക്കൾ വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറിയതോടെ മാതാപിതാക്കൾ തനിച്ചായി. വാർദ്ധക്യം ആധിപത്യം സ്ഥാപിച്ചതോടെ പരസ്പരം താങ്ങും തണലുമാകാനും മിണ്ടിപ്പറയാനും കൈത്താങ്ങാനും പരിചരിക്കാനും ദമ്പതികൾ മാത്രമായി.

വർത്തമാന കാലഘട്ടത്തിൽ മിക്ക ഭവനങ്ങളിലും ഇത്തരം പ്രതിസന്ധിയും സ്ഥിതിവിശേഷവുമാണ് നിലനിൽക്കുന്നത്. തമ്മിൽ തമ്മിലുണ്ടാകുന്ന ചെറിയ അവഗണന പോലും വലിയ മുറിവുകളാണ് മനസ്സിൽ കോറിയിടുന്നത്.

പടല പിണക്കങ്ങളും പരിഭവങ്ങളും പരിദേവനങ്ങളും തമ്മിൽ പറഞ്ഞ് സ്നേഹത്തിന്റെ സാമ്രാജ്യം കെട്ടിപ്പടുക്കുമ്പോഴാണ് ജീവിതം അർത്ഥ സമ്പൂർണ്ണമാകുന്നത്.

കേൾക്കുന്നതും കാണുന്നതും മനസ്സിൽ സ്വരൂപിക്കുമ്പോൾ ശരീരത്തിൽ രക്തസമ്മർദ്ദവും ജീവിതശൈലി രോഗങ്ങളായി അവ പരിണമിക്കുന്നു. ദുഃഖങ്ങളും സന്തോഷവും പരസ്പരം പങ്കിട്ട് സമാധാനത്തിൽ കഴിയുമ്പോഴാണ് ജീവിതം അർത്ഥ സമ്പുഷ്ടവും സമ്പൂർണ്ണവുമാകുന്നത്.

പുറമെ പരുഷമായ നിലപാടും മനസ്സിന്റെയുള്ളിൽ ആഴമേറിയ സ്നേഹവുമുള്ള നിരവധി ആളുകളുണ്ട്. സ്നേഹം ഹൃദയത്തിൽ ഒതുക്കി പരസ്പരം മിണ്ടാതെ മൗനം പാലിക്കുന്ന ഭാര്യാ ഭർത്താക്കന്മാരുണ്ട്.

ജീവിക്കേണ്ട കാലത്ത് സ്നേഹം തുറന്ന് കാട്ടാൻ കഴിയാതെ മൂടിക്കെട്ടി വയ്ക്കയും പലതിനും പരസ്പരം പോരടിച്ച് പഴിചാരി ജീവിതം നരകതുല്യമാക്കുന്നവരുണ്ട്.

ജീവിതത്തിന്റെ അവസാന നാളുകളിൽ പിന്നോട്ട് തിരിഞ്ഞു നോക്കുമ്പോഴാണ് കൂടെ യാത്ര ചെയ്ത പലരും മുന്നിലാണെന്ന സത്യം മറ നീക്കി പുറത്ത് വരുന്നത്. അപ്പോഴേക്കും സമയം അതിക്രമിച്ചിരിക്കും. പിന്നെ ഉള്ളിൽ പരിഭ്രാന്തി പരക്കാനിടയാലും. അതോടെ ജീവിത ശൈലി രോഗങ്ങളടക്കം പലതും ശരീരത്തെ അധിനിവേശപ്പെടുത്തിയിരിക്കും.

സ്നേഹം പ്രവർത്തിയിലൂടെയും സംസാരത്തിൽ കൂടെയും പ്രകടിപ്പിക്കുമ്പോഴാണ് സംതൃപ്തിയുണ്ടാകുന്നത്. പരസ്പരം കൈത്താങ്ങാനും തുറന്നു സംസാരിക്കാനും കഴിഞ്ഞാൽ പകുതി രോഗങ്ങളും കുറയുമെന്നാണ് മനഃശാസ്ത്ര ചിന്തകർ പറയുന്നത്.

ആത്മീയ ആരാധനയും അതിനോട് ബന്ധപ്പെട്ട അനുബന്ധ കാര്യങ്ങളും ഈ വിഷയത്തെ ഏറെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ദൗർഭാഗ്യമെന്നു പറയട്ടെ... പലകാര്യങ്ങളും പലരോടും തുറന്നു പറയാൻ കഴിയാത്ത വിഷമ വൃത്തത്തിലാണ് പല വിശ്വാസികളും. ഇടയനോട് മനസ്സ് തുറക്കാമെന്ന് വച്ചാലോ അതിനേക്കാൾ പുലിവാലാകുമെന്ന അവസ്ഥയാണ്. കൂട്ടു വിശ്വാസികളെക്കാൾ അപകടകാരികളായ പുരോഹിതന്മാരാണ് ചിലരൊക്കെയെന്നത് മറ്റൊരു വിരോധാഭാസം.

യഥാർത്ഥത്തിൽ ആത്മാർത്ഥ സ്നേഹിതർ പോലും വംശനാശ ഭീഷണിയുടെ പിടിയിലാണെന്നത് പച്ചയായ യാഥാർഥ്യം.

കപട സ്നേഹത്തിന്റെ പ്രായോജകരായി നമ്മുടെ കൗമാര - യൗവ്വന ദശയിലുള്ളവർ മാറുകയും പലരാലും വശികരിക്കപ്പെട്ടു കൊണ്ടിരിക്കുകയുമാണ്.

കപട സ്നേഹത്തിന്റെ പതിപ്പുകളായി മാറുന്നവരും, കപട സദാചാര ബോധത്തിന്റെ വക്താക്കളായി പ്രവർത്തിക്കുന്നവരും , ഈ കമ്പോളത്തിലെ ഏറെ മാർക്കറ്റ് ഉള്ള വിൽപ്പന ചരക്കുകളാണ്.

തേൻ കെണിയിലകപ്പെടുത്തി (ഹണീ ട്രാപ്പ്) വഞ്ചിക്കുന്നവരും മത തീവ്രവാദത്തിന്റെ ഇരകളാക്കാനോ സ്വാധീനിക്കുന്നതിനോ വശീകരിക്കുന്നവരും ലൈംഗിക ആകർഷണത്തിലൂടെ ഹണി ട്രാപ്പിൽ പ്പെടുത്തുന്നവരും ചാര പ്രവർത്തനങ്ങൾക്ക് വേണ്ടി സ്നേഹം നടിക്കുന്നവരും അനുദിനം വർധിച്ചു വരുന്നു. യാഥാർഥ്യത്തെ തിരിച്ചറിയാതെ കപട സ്നേഹത്തിന്റെ പിന്നാലെ പോകുന്ന ഈ കൗമാര യൗവ്വനക്കാരുടെ സംഖ്യ ക്രമാതീതമാകും വണ്ണം വർദ്ധിക്കുകയാണ്.

കുടുംബത്തിലും സഭയിലും സമൂഹത്തിലും നിർമ്മല സ്നേഹം ഇവർക്ക് ലഭിക്കുന്നില്ലെങ്കിൽ തലമുറ പിടികിട്ടാ വള്ളി പോലെ വഴുതി പ്പോകാനും വഴിതെറ്റാനുമുള്ള സാധ്യത വളരെയേറെ കൂടുതലാണ്.

www.sdpathram.com
സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Chairman : James T. Samuel
Managing Editor : Joy Thumpamon
Chief Editor : Finny P. Mathew
Editorial Director : Oommen Ebenezer
General Editor : Pr. Sam T. Mukhathala
Circulation Manager : K. C. Jacob
Overseas Editors : Sunny Thazhampallom
Sheenamol Joseph
General Coordinator : Pr. Binu Cheriyan
Coordinators : George Samuel
: Jose K. Varghese
: Anu Samuel
: Pr. Sajan Easo Plachery

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം



പഠന പരമ്പര 7

പലസ്തീൻ ആരുടേത്? ഭാവി എന്ത്?



ഫിലിപ്പോസ് കുളക്കട
9605498870

എതിർ ക്രിസ്തുവിന്റെ രംഗപ്രവേശനം

എതിർക്രിസ്തുവിന്റെ രംഗപ്രവേശനം എങ്ങനെയെന്ന് വെളി. 6:1–2 ഭാഗത്തു കാണുന്നു. അവൻ വെള്ളക്കുതിരപ്പുറത്താണ് രംഗപ്രവേശം ചെയ്യുന്നത്. വെള്ള നിറം സമാധാന സന്ദേശത്തിന്റെ അടയാളമാണല്ലോ? അവൻ പ്രത്യക്ഷപ്പെടുമ്പോൾ കിരീടം ഇല്ലായിരിക്കും. പിന്നീടാണ് കിരീടം ലഭിക്കുന്നത്. അവൻ ജയിക്കുന്നവനായും ജയിക്കാനായും പുറപ്പെട്ടു (വാ. 2.) എന്ന് പറഞ്ഞാൽ അവൻ ഇടപെടുന്ന സകല വിഷയത്തിലും ജയം തുടരും എന്നു സാരം. അവനെക്കുറിച്ച് ദാനിയേൽ പ്രവചനത്തിൽ പറയുന്നത് ഉഗ്രഭാവവും ഉപായബുദ്ധിയുമുള്ള രാജാവ് എന്നാണ് (8:23). ''അവൻ നയ ബുദ്ധിയാൽ തന്റെ ഉപായം സാധിപ്പിക്കും'' (വാ. 25). ലോകം കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ നയതന്ത്രജ്ഞനായിരിക്കും എതിർക്രിസ്തു.

ക്രിസ്തീയ നാമധേയ സഭയുമായി സമാധാനക്കരാർ

വെളിപ്പാട് 17 ൽ പറയപ്പെടുന്ന മൃഗത്തിന്റെയും അതിന്റെ മേലിരുന്ന് അതിനെ നിയന്ത്രിക്കുന്ന സ്ത്രീയുടേയും മർമ്മം ദൂതൻ യോഹന്നാന് പറഞ്ഞു കൊടുത്തു. മൃഗം എതിർക്രിസ്തുവിനെ പ്രതീകമാണെന്നതിൽ ഭിന്നാഭിപ്രായങ്ങൾക്ക് ന്യായമില്ല. സ്ത്രീ ആരെ ചിത്രീകരിക്കുന്നു എന്നതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അതിനാൽ അത് കണ്ടു പിടിക്കാൻ അവയെക്കുറിച്ചുള്ള പരാമർശങ്ങൾ വിശകലനം ചെയ്യണം. അങ്ങനെ വിശകലനം ചെയ്താൽ അവൾ ഒരാളിന്റെയോ ഒരു രാഷ്ട്രത്തിന്റെ നിദർശനമല്ലെന്ന് ഗ്രഹിക്കാം. അതിനുള്ള ന്യായങ്ങൾ അടിയിൽ കൊടുക്കുന്നു.

(1) അവൾ പെരുവെള്ളത്തിന്മേൽ ഇരിക്കുന്നു (വാ. 2). ആ വെള്ളം വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷക്കാരുമാകുന്നു (വാ.15). അങ്ങനെ ലോകജനതകളിന്മേലെല്ലാം സ്വാധീനമുള്ള ഒരു രാഷ്ട്രം ഒരു കാലത്തും ഉണ്ടാകയില്ല. പ്രത്യേകാൽ എതിർക്രിസ്തുവിന്റെ ഭരണകാലത്ത് അവനെ നിയന്ത്രിക്കുന്ന ഒരു രാഷ്ട്രം ഉണ്ടായിരിക്കുകയില്ല. (2) ഒരു രാഷ്ട്രത്തിനോ രാഷ്ട്രത്തലവനോ മറ്റ് രാഷ്ട്രങ്ങളുമായുള്ള ബന്ധം വേശ്യാവൃത്തിയായി ചിത്രീകരിക്കുകയില്ല. (3) ഏതെങ്കിലും ഒരു രാഷ്ട്രം വേശ്യമാരുടേയും മ്ലേഛതകളുടേയും മാതാവാകുകയില്ല. ഏതെങ്കിലും രാഷ്ട്രം ഉത്ഭവിക്കുന്നതിന് മുമ്പ് നോഹയുടെ കാലത്തെ ജലപ്രളയത്തിനു മുമ്പു തന്നെ ഭൂമി വഷളത്വം കൊണ്ട് നിറഞ്ഞിരുന്നു. (4) മൃഗവും അതിന്റെ കൊമ്പുകളും ചേർന്ന് സ്ത്രീയേ കൊന്നു ചുട്ടുകളയും (വാക്യം 16). സ്ത്രീയെ ചുമക്കുന്ന മൃഗത്തിനോ കൊമ്പുകൾക്കോ രാജമുടിയില്ല. അതിനു കാരണം സ്ത്രീയാണ് അതിനെ നിയന്ത്രിക്കുന്നത് എന്നതാണ്. സഖ്യ രാഷ്ട്രത്തിന്റെ ആദ്യ ആണ്ടുകളിലെ ചിത്രമാണത്. അന്ന് അതിൽ അംഗമല്ലാത്ത ഒരു രാഷ്ട്രം അവരെ നിയന്ത്രിക്കുമെന്ന് ചിന്തിക്കുകയുക്തമല്ല. അഥവാ അങ്ങനെയുണ്ടായിരുന്നാൽ അതിനെ നശിപ്പിക്കുവാൻ സഖ്യ രാഷ്ട്രത്തിന് സാധ്യവുമല്ല. സ്ത്രീ ഒരു രാഷ്ട്രത്തിന്റെ പ്രതീകമല്ലെന്ന് മുകളിൽ പറഞ്ഞ ന്യായങ്ങൾ തെളിയിക്കുന്നില്ലേ?

സ്ത്രീ ഒരു മതത്തിന്റെ പ്രതീകമാണ്. ലോകത്തിലെ അതിപുരാതനവും ലോകവ്യാപിതവും രാഷ്ട്രങ്ങളുടെ മേലെല്ലാം സ്വാധീനമുള്ളതും വേദവിപരീത ആചാരാനുഷ്ഠാനങ്ങൾ ഉള്ളതും എതിർ ക്രിസ്തുവിന്റെ കാലം വരെ നിലനിൽക്കുന്നതും എതിർ ക്രിസ്തുവിനേയും നിയന്ത്രിക്കുന്നതുമായ ഒരു മതമായിരിക്കും അത്. ക്രിസ്തു മതം തന്നെയാണ് അതെന്നതാണ് വസ്തുത. ലോക വ്യാപിതമായ മറ്റൊരു മതവും ലോകത്തിൽ ഇല്ല. രാഷ്ട്രീയ ബന്ധമോ രാഷ്ട്രീയ സ്വാധീനമോ അവിഹിതമായി ചിത്രീകരിക്കത്തക്ക നിയമങ്ങളുള്ള മറ്റൊരു മതവുമില്ല. ക്രിസ്തുമതത്തിനും അങ്ങനെയൊരു നിയമമില്ല എന്നതാണ് സത്യം.

അത് ശരിയെങ്കിൽ ക്രിസ്തുമതം ഭൂരാജാക്കന്മാർ അഥവാ രാഷ്ട്രനേതാക്കന്മാരുമായി വ്യഭിചാരം ചെയ്യുന്നു എന്നു പറയുന്നത് ദുരാരോപണമല്ലെ? അല്ല തെളിയിക്കാം; വസ്തുതാപരമായി ക്രിസ്തുമതം എന്നൊരു മതമില്ല. ക്രിസ്തു, മതം സ്ഥാപിച്ചില്ല, ഒരു മാർഗമാണ് ക്രിസ്തു സ്ഥാപിച്ചത്. എന്നാൽ ഇന്ന് ഒരു ക്രിസ്തു മതം ഉണ്ട്. അതാണ് ലോകത്തിലെ ഏറ്റവും വലിയ മതം. ക്രിസ്തു മാർഗത്തെ മതമാക്കി മാറ്റിയത് വേശ്യാവൃത്തിയാണ്. ഇന്നത്തെ ക്രിസ്തു മതത്തിന് ക്രിസ്തുവുമായി ഒരു ബന്ധവുമില്ല. എന്നു മാത്രമല്ല അവയുടെ ആചാരാനുഷ്ഠാനങ്ങൾ മുഴുവൻ ക്രൈസ്തവ സിദ്ധാന്തങ്ങൾക്കെതിരുമാണ്. അവ സഭയിൽ കടന്നുകൂടിയത് വ്യാജമതത്തിൽ നിന്നാണ്. അങ്ങനെയാണ് ക്രിസ്തുമാർഗം മതമായി മാറിയത്. അത് ആത്മിക വ്യഭിചാരമാണ്. അങ്ങനെയാണ് ക്രിസ്തുമതം മഹാവേശ്യയായത്.

ഇനിയും സ്ത്രീ വേശ്യമാരുടേയും മ്ലേഛതകളുടേയും മാതാവ് എന്ന് പറയുന്നതിലെ അവളുടെ പുരാതനത്വം തെളിയിക്കാം. ഒന്നാം നൂറ്റാണ്ടിൽ സഭയിൽ നുഴഞ്ഞുകയറിയ ദുരുപദേഷ്ടാക്കന്മാരെക്കുറിച്ച് അവർ കയീന്റെ വഴികളിൽ നടക്കയും എന്ന് അപ്പോസ്തോലനായ യൂദാ പറഞ്ഞിരിക്കുന്നു (യൂദാ. 11). ആദിപിതാവിന്റെ ആദ്യ ജാതനാണല്ലോ കയീൻ. അവൻ ഒരു മത സ്ഥാപകനായിരുന്നു എന്ന് അത് തെളിയിക്കുന്നു. അവൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നു (യോഹ. 3:12). ആദ്യ വ്യാജാരാധനക്കാരനാണ് കയീൻ. അവന്റെ സന്തതികൾ മുഴുവൻ നോഹയുടെ കാലത്തെ ജലപ്രളയത്താൽ നശിച്ചു പോയി. ശേത്ത് വംശജനായ യോനയും മക്കളുമാണ് പ്രളയാനന്തര ഭൂമിയിൽ കടന്നത്. എന്നാൽ കയീന്റെ മതം നശിച്ചില്ല. അത് അപ്പോസ്തോലിക കാലത്തു തന്നെ സഭയിൽ കടന്നു കൂടി. അപ്പോസ്തോലിക കാലത്തിനുശേഷം സഭ അവരുടെ അധീനതയിലായി. അങ്ങനെ സഭ മതമായി മാറി.

അവൾ എങ്ങനെ മർമ്മം മഹതിയാം ബാബിലോണായി? നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞ്–വാഴുവിൻ എന്ന് ആദി മാതാപിതാക്കളോട് കൽപിച്ചതുപോലെ ദൈവം നോഹയുടെ പുത്രന്മാരോടും കൽപിച്ചു (ഉൽപ. 9:1). അതിനെതിരായി അവർ ഭൂമിയിലെങ്ങും ചിതറിപ്പോകാതിരിക്കാൻവേണ്ടി നോഹയുടെ ചെറുമകനായ നിമ്രോദിന്റെ നേതൃത്വത്തിൽ ശീനാർ ദേശത്ത് ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിയുവാൻ ശ്രമിച്ചു, നിമ്രോദ് രാജാവായി (ഉൽപ. 10:10; 11:2). ആകാശത്തോളം എത്തുന്ന ഗോപുരപ്പണിയുടെ ഉദ്ദേശ്യം ഇനിയും ഒരു ജലപ്രളയമുണ്ടായാൽ ജനം നശിക്കാതെ അതിൽ അഭയം പ്രാപിക്കുക എന്നതായിരുന്നു. ദൈവത്തിലുള്ള അവിശ്വാസമാണ് അതിനും കാരണം. ഇനി ഒരു ജലപ്രളയം വരുത്തുകയില്ലെ ന്ന് ദൈവം നിയമം ചെയ്തതാണ് (ഉൽപ. 9:11–12). നിമ്രോദിന്റെ ദുർപ്രവർത്തി കാരണത്താൽ നോഹയുടെ മകനായ ശേം അവനെ വധിച്ചു എന്നാണ് യെഹൂദാ പാരമ്പര്യ വിശ്വാസം.

> **സ്ത്രീ ഒരു മതത്തിന്റെ പ്രതീകമാണ്. ലോകത്തിലെ അതിപുരാതനവും ലോകവ്യാപിതവും രാഷ്ട്രങ്ങളുടെ മേലെല്ലാം സ്വാധീനമുള്ളതും വേദവിപരീത ആചാരാനുഷ്ഠാനങ്ങൾ ഉള്ളതും എതിർ ക്രിസ്തുവിന്റെ കാലം വരെ നിലനിൽക്കുന്നതും എതിർ ക്രിസ്തുവിനേയും നിയന്ത്രിക്കുന്നതുമായ ഒരു മതമായിരിക്കും അത്.**

നിമ്രോദിന്റെ ഭാര്യ സുന്ദരിയും ദുർവൃത്തയുമായിരുന്ന സെമിറാമിസ്, ഭർത്താവിന്റെ മരണശേഷം ഗർഭവതിയായി ഒരു മകനെ പ്രസവിച്ചു. ഹവ്വായെ ചതിച്ച മഹാസർപ്പത്തിന്റെ തല ചതയ്ക്കാൻ ജനിച്ച മശിഹായായിരുന്നു നിമ്രോദ് എന്നും ആ ദൗത്യ നിർവഹണത്തിന് മുമ്പ് താൻ കൊല്ലപ്പെട്ടതിനാൽ അയാൾ വീണ്ടും അവളിൽ കൂടെ അവതരിച്ചതാണ് മകൻ എന്നും അവൾ ജനത്തെ പറഞ്ഞ് വിശ്വസിപ്പിച്ചു. അതൊന്നും ബൈബിളിൽ ഇല്ല. എന്നാൽ യെഹൂദന്മാരുടെ തർഗുംസിൽ അവ രേഖപ്പെടുത്തിയിട്ടുണ്ട്. സെമിറാമിസ് ദൈവമാതാവും അവളുടെ മകൻ നിനസ് പുത്രനായ ദൈവവും നിമ്രോദ് പിതാവായ ദൈവവും ആയി ആരാധിക്കപ്പെട്ട ഒരു മതം ബാബേലിൽ സ്ഥാപിതമായി. ദൈവം ഭാഷകലക്കിക്കളഞ്ഞതിനാൽ അവിടെ ചിതറിക്കപ്പെട്ട ജനം ചെന്ന് പാർത്ത ഇടങ്ങളിലെല്ലാം ബാബിലോന്യ മതം സ്ഥാപിതമായി. ചുരുക്കി പറഞ്ഞാൽ റോമ സാമ്രാജ്യം സ്ഥാപിതമായതോടുകൂടി ബാബിലോന്യ മതം റോമയുടെ ഒദ്യോഗിക മതമായി. അപ്പസ്തോലിക കാലത്തു തന്നെ ആ മതം സഭയിൽ പ്രവേശിച്ചിരുന്നു എന്ന് മുകളിൽ കുറിച്ചല്ലോ അഉ 313 ൽ റോമൻ ചക്രവർത്തിയായിരുന്ന കുസ്തന്തീനോസ് ക്രിസ്തുമതം സ്വീകരിച്ചതിനുശേഷം റോമാമതാചാരങ്ങൾ ഒന്നൊന്നായി സഭയിൽ പ്രവേശിപ്പിച്ചു. ചില നൂറ്റാണ്ടുകൾകൊണ്ട് ക്രിസ്തുമതം പൂർണ്ണമായി ബാബിലോന്യ മതമായി മാറി. മാർട്ടിൻ ലൂഥറിന്റെ നവീകരണം മുതൽ പ്രൊട്ടസ്റ്റന്റ് സഭകളുണ്ടായി. അവർ അനുഷ്ഠാനങ്ങളിൽ കുറെയെല്ലാം ഉപേക്ഷിച്ചു എങ്കിലും ദൈവവചന വ്യവസ്ഥകളിലേക്ക് സഭകൾ എത്തിച്ചേർന്നിട്ടില്ല. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സംജാതമായ പെന്തെക്കോസ്ത് പ്രസ്ഥാനക്കാർ ആരംഭകാലങ്ങളിൽ പൂർണ്ണമായും വചന വ്യവസ്ഥ പാലിക്കാൻ ശ്രമിച്ചിരുന്നു. കാലാന്തരത്തിൽ അവരുടെ മൂന്നാം തലമുറയും നാലാം തലമുറയും ആയപ്പോഴേക്കും ബാഹ്യപ്രകടനങ്ങളൊഴികെയെല്ലാം ഇതര സഭകൾക്ക് തുല്യമായി.

പാരമ്പര്യ പൗരോഹിത്യ സഭകൾ കർത്താവിന്റെ വീണ്ടും വരവിനേക്കുറിച്ചോ സഭയുടെ സ്വർഗാരോഹണത്തേക്കുറിച്ചോ പഠിപ്പിക്കുന്നതായി അറിവില്ല. അതേക്കുറിച്ചെല്ലാം പഠിപ്പിക്കുന്ന സഭകളിൽ നിന്നും സ്വർഗാരോഹണം ചെയ്യുന്നവർ പരിമിതമായിരിക്കും എന്നാണ് എന്റെ അഭിപ്രായം. സത്യ വിശ്വാസികൾ സ്വർഗാരോഹണം ചെയ്ത ശേഷം ഇവിടെ ശേഷിക്കുന്നവർ അവരുടെ നേതാക്കളെ അംഗീകരിക്കുകയില്ല. അവർക്ക് പിന്നീട് ആത്മ രക്ഷ പ്രാപിക്കാൻ സാധ്യതയില്ല എന്നറിയാവു

(ശേഷം പേജ് 6)

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം



ജെയ്സ് പാണ്ടനാട്
9847340246

ഒരുമിക്കാം ലഹരിക്കെതിരെ

രാസ ലഹരിയുടെ ഉപയോഗവും റാഗിംഗ് പോലെയുള്ള ക്യാമ്പസ് അതിക്രമങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുന്ന അരാജകത്വത്തിനെതിരെ പെന്തകോസ്ത് യുവജനങ്ങൾ സംഘടിതമായി പോരാടണം. രാസ ലഹരിയുടെ ഉപയോഗം വിദ്യാർഥികളുടെ ഇടയിൽ വ്യാപിക്കുകയും ഇത് തികച്ചും നോർമലൈസ് ചെയ്യപ്പെടുന്നതുമായ സങ്കീർണ്ണ സാഹചര്യമാണ് നിലവിലുള്ളത്. ലഹരിയുടെ ഉപയോഗം നിമിത്തം കുറ്റകൃത്യങ്ങളുടെ സ്വഭാവം (Nature of Vailonce) തന്നെ മാറിയിരിക്കുകയാണ്.

ലഹരി വ്യാപാരത്തിന്റെ ചതിക്കുഴികളിൽ നിന്നും വിദ്യാർത്ഥികളെ വിമോചിപ്പിക്കാൻ യുവജന സംഘടനകൾ ക്യാമ്പസിലും സ്കൂളുകളിലും പൊതുഇടങ്ങളിലും ക്യാമ്പയിൻ സംഘടിപ്പിക്കണം. പൊതുജനങ്ങളെ അണിനിരത്തി ജനകീയ കൂട്ടായ്മകൾ സംഘടിപ്പിക്കണം.

ക്യാമ്പസുകളിലെ കൊലകത്തികളിൽ നിന്നും ചിതറി തെറിക്കുന്ന ചോരത്തുള്ളികൾ നമ്മുടെ മനസ്സിനെ നനയിക്കുന്ന ഞെട്ടിക്കുന്ന വാർത്തകളാണ് നിരന്തരം നമ്മുടെ കണ്ണിനുമുൻപിൽ നടക്കുന്നത്.

നിരന്തരമായ ലഹരി ഉപയോഗം കുടുംബങ്ങളെ നശിപ്പിക്കുകയാണ്. ക്രിമിനൽ ആക്ടിവിസം വർദ്ധിക്കുകയാണ്.

കാര്യങ്ങൾ എല്ലാം കൈവിട്ടു പോയിരിക്കുന്നു. നാട് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ അമർന്നു കഴിഞ്ഞു.

സമീപകാലത്ത് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ വെളിപ്പെടുത്തിയത്, ' ഒരു എസ് പിയുടെ രണ്ട് മക്കളും മയക്കു മരുന്നിന് അടിമ ആണെന്നാണ്.'

പോലീസ് ക്വാർട്ടേഴ്സിൽ പോലും ലഹരി ഉപയോഗം ഉണ്ടെന്ന് മുൻ പോലീസ് ഉദ്യോഗസ്ഥനായ ജോർജ് ജോസഫ് വെളിപ്പെടുത്തിയിട്ടുണ്ട്.

നടൻ ടിനി ടോം ലഹരി ഉപയോഗം പേടിച്ച് മകനെ സിനിമയിൽ അഭിനയിക്കാൻ വിട്ടില്ലെന്നും സിനിമാ സെറ്റിൽ മയക്കുമരുന്ന് ഉപയോഗം വ്യാപകം ആണെന്നും ' പ്രധാനപ്പെട്ട ഒരു നടൻ ലഹരിക്ക് അടിമ ആണെന്നും അദ്ദേഹത്തിന്റെ പല്ല് പൊടിഞ്ഞു തുടങ്ങിയെന്നും വെളിപ്പെടുത്തിയത് നാം കേട്ടതാണ്.

സ്റ്റേറ്റ് ശക്തമായ നടപടിയുമായി മുന്നോട്ട് പോകണം. സർക്കാർ മദ്യനയം തിരുത്തേണ്ടതായിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടുപിടിച്ച് നശിപ്പിക്കണം. അതിന്റെ സപ്ലേ കണ്ണി പൊട്ടിക്കണം. ലഹരി മാഫിയ - പോലിസ് - ബ്യൂറോക്രസി കൂട്ടുകെട്ട് പൊളിക്കണം. മയക്കുമരുന്ന് ലോബിയെ തളക്കണം.

ബിവറേജസ് കോർപ്പറേഷൻ വഴി റെക്കോഡ് മദ്യവിൽപ്പനയാണ് നടക്കുന്നത്. പ്രത്യേകിച്ച് ഓണം, ക്രിസ്തുമസ്, ന്യൂ ഇയർ ആഘോഷം തുടങ്ങി മറ്റ് ഉത്സവങ്ങളിൽ ഒക്കെ.

പുനലൂർ,വൈപ്പിൻകര,കല്ലുവാതുക്കൽ,പട്ടാഴി, പള്ളിക്കൽ, വാളയാർ, ചിറ്റൂർ, ഒളവണ്ണ മദ്യ ദുരന്തങ്ങൾ മറക്കാറായിട്ടില്ല. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും വിതരണവും കുറച്ച് കൊണ്ട് വരണം.

മദ്യത്തിന്റെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിച്ച് ഖജനാവിലെ പണം വർദ്ധിപ്പിക്കുന്ന രീതി ധാർമികമല്ല. പ്രണയം നടിച്ച് ചതിയിൽ പെടുത്തി വിവാഹം കഴിച്ചിട്ട്, പാതി വഴിയിൽ പെൺകുട്ടികളെ മയക്കുമരുന്ന് മാഫിയയ്ക്ക് കൈമാറുന്ന രീതിയും ഉണ്ട്.

കോളജ് ക്യാമ്പസ്, ഹോസ്റ്റൽ, കോച്ചിംഗ് സെന്റർ, മാരേജ് ബ്യൂറോ, ബ്യൂട്ടി പാർലർ, മൊബൈൽ ഷോപ്പ് എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്കാഡുവർക്കുകൾ ആണ് ഇത്തരം കുടുക്കുകളിൽ പെൺകുട്ടികളെ എത്തിക്കുന്നത്. അവരുടെ മന:ശാസ്ത്രപരമായ തന്ത്രങ്ങളിൽ കുടുങ്ങി പെൺകുട്ടികൾ ജീവിതം ഹോമിക്കുകയാണ്.

സമീപകാലത്ത് 21 വയസ്സ് തികയാത്ത വിദ്യാർത്ഥികളെയാണ് മയക്കു മരുന്നിന് അടിമകളായി സംസ്ഥാനത്തെ വിവിധ ലഹരി വിമുക്ത കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചത്. ഇതിൽ 45 ശതമാനവും പ്രായപൂർത്തി ആകാത്തവരാണ്. ലഹരി വ്യാപാരത്തിന്റെ കണ്ണികളായി കുട്ടികൾ മാറിയിരിക്കുന്നു.

മയക്കു മരുന്നിന് അടിമയായതിനുള്ള ചികിത്സ നൂറ് ദിവസം നൽകിയിട്ടും മോചനം ലഭിക്കാത്ത കുട്ടികൾ 20 ശതമാനം ആണ്. വിമുക്തി ലഹരി ചികിത്സാ കേന്ദ്രത്തിൽ ചികിത്സ തേടി എത്തിയ വിദ്യാർഥികൾ അനവധി പേരാണ്. കൗൺസിലിംഗിനും ചികിത്സയ്ക്കും എത്തുന്നവർ 18 വയസ്സിൽ താഴെയുള്ളവരാണ്.

സിന്തറ്റിക് മയക്കു മരുന്നുകളായ എം ഡി എം എ, എൽ എസ് ഡി എന്നിവയ്ക്ക് അടിമകയാവർ ആണ് ഏറെയും. ലഹരി തേടാൻ ഇന്റർനെറ്റ് ആണ് ഉപയോഗിക്കുന്നത്. കുട്ടികളെ ഉപയോഗിച്ച് കൊണ്ടുള്ള അബ്ക്കാരി - മയക്കു മരുന്ന് കേസുകളുടെ കേന്ദ്രമാണ് എറണാകുളം.

പിടിയിലാകുന്നവരിൽ 21 വയസ്സിന് താഴെയുള്ളവരാണ് കൂടുതൽ. അങ്കമാലിയിലെ ഒരു ലഹരി വിമുക്തി കേന്ദ്രത്തിൽ ചികിത്സയ്ക്ക് എത്തിയ 85 പേരിൽ 37 പേരും പെൺകുട്ടികൾ ആണ്. എല്ലാവരും 18 വയസ്സിന് താഴെയുള്ളവർ. വൈറസിനേക്കാൾ മാരകമാണ് മയക്കുമരുന്നിന്റെ പകർച്ച. തീർച്ചയായും അതിന്റെ കണ്ണി മുറിക്കേണ്ടതുണ്ട്. കേരളം ലഹരിമരുന്നുകൾക്ക് മികച്ച മാർക്കറ്റായി മാറുന്നു. അറബിക്കടലിൽ നടത്തിയിട്ടുള്ള മയക്കുമരുന്ന് വേട്ടയിൽ നിന്ന് കേരളത്തിലേക്ക് വിദേശ രാജ്യങ്ങളിൽ നിന്നും ഇത്തരം ലഹരി വസ്തുക്കൾ എത്തുന്നുവെന്നാണ് മനസിലാക്കാൻ കഴിയുന്നത്. മുമ്പെല്ലാം കഞ്ചാവ് പോലുള്ള ലഹരികളെപ്പറ്റി മാത്രമേ ധാരണയുണ്ടായിരുന്നുള്ളു. ഇപ്പോൾ രാസ ലഹരികൾ ആണ് സജീവമായി വിൽക്കപ്പെടുന്നത്. ഒരുകിലോ എംഡിഎംഎയുടെ വിപണി മൂല്യം അഞ്ചരക്കോടിയോളം വരുമെന്നാണ് കണക്കാക്കുന്നത്.



പുതിയ പഠനങ്ങൾ പ്രകാരം സ്കൂൾ വിദ്യർഥികളിൽ 10-15 വയസുമുതലുള്ള കുട്ടികൾ ലഹരി മരുന്നുപയോഗിക്കുന്നവരുടെ ഭാഗമായി മാറുന്നുണ്ട്. തമാശയ്ക്കുവേണ്ടി സുഹൃത്തുക്കൾക്കൊപ്പം ചേർന്ന് (സോഷ്യൽ ഡ്രിങ്ക്) ഒരു ലഹരി എന്ന നിലയിലാണ് ഇത് തുടങ്ങുന്നതെങ്കിലും പിന്നെ അതിന് അടിമയായി മാറുകയാണ്. പെൺകുട്ടികളിലും ഇപ്പോൾ നല്ലരീതിയിൽ ലഹരി മരുന്നുപയോഗം വ്യാപിക്കുന്നുണ്ട്.

കേരളത്തിൽ ഇപ്പോൾ നടക്കുന്ന കൊലപാതകങ്ങളുടെയും ആത്മഹത്യയുടെ യൂം കുടുംബ കലഹത്തിന്റെയും കാര്യത്തിലുമെല്ലാം മയക്കു മരുന്നിന്റെ സ്വാധീനം കാണാം.

ഇറാൻ, പാകിസ്താൻ, അഫ്ഗാനിസ്താൻ എന്നിവിടങ്ങളിൽ നിന്നും ലഹരി കടത്തുന്നുണ്ട്. വിദേശത്തുനിന്നും എത്തുന്നതിന് പുറമെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊറിയർ വഴിയും ലഹരിയെത്തുന്നുണ്ട്.

കേരളത്തിൽ ലഹരി എത്തിക്കുന്നത് ഇവിടെയുള്ളവർ മാത്രമല്ല. അതിഥി തൊഴിലാളികൾ വഴിയും ലഹരിയെത്തുന്നുണ്ട്.

ഡിജിറ്റൽ അടിമത്വവും വയലൻസ് സിനിമകളുടെ സ്വാധീനവും കുട്ടികളുടെ സ്വഭാവ രീതികളിൽ മാറ്റം വരുത്തിയിട്ടുണ്ട്. അമേരിക്കൻ സോഷ്യൽ സൈക്കോളജിസ്റ്റായ ജോനാഥൻ ഹെയിഡിറ്റ് എഴുതിയ The Anxious Genaration എന്ന പുസ്തകവും അമേരിക്കൻ എഴുത്തുകാരനായ കാൽവിൻ ന്യൂപോർട്ട് എഴുതിയ Digital Minimalism എന്ന പുസ്തകവും ഈ വിഷയങ്ങൾ നന്നായി വിശദീകരിക്കുന്നുണ്ട്.

മാനസീക സംഘർഷം, സുരക്ഷിതത്വ ബോധമില്ലായ്മ, ജീവിത പ്രയാസങ്ങൾ, തകർന്ന കുടുംബ പശ്ചാത്തലം, ദാരിദ്ര്യം, മാനസീക വൈകല്യങ്ങൾ ഒക്കെയാണ് ലഹരിയുടെ ഉപഭോഗത്തിന്റെ കാരണങ്ങൾ. വ്യക്തമായ ജീവിത വീക്ഷണത്തിന്റെ അഭാവം, ആത്മീക പരിശീലനത്തിന്റെ കുറവ്, പേരന്റിങ് - അജപാലന - അധ്യാപന പാളിച്ചകൾ ഒക്കെ പ്രധാന കാരണങ്ങളാണ്.


വിദ്യാഭാസ സമ്പ്രദായം അടിമുടി അഴിച്ചു പണിയണം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, മാധ്യമ വിദ്യാഭ്യാസം, മാനസീക ആരോഗ്യ പഠനം, ലൈംഗിക വിദ്യാഭ്യാസം ഒക്കെ പാഠ്യ പദ്ധതിയുടെ ഭാഗമാക്കണം.

സണ്ടേസ്കൂൾ - വിബിസ് സിലബസുകൾ പരിഷ്കരണം. വീടുകളിൽ കുട്ടികൾക്ക് സ്നേഹം കിട്ടണം. സഭകൾ ചെറുപ്പക്കാരെ ചേർത്ത് നിർത്തണം. നല്ല സൗഹൃദങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം. നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തെ കുറിച്ച് ബോധവത്ക്കരണം നടത്തണം. എന്നാൽ മാത്രമെ ഇത്തരം സംഭവങ്ങൾ അവസാനിപ്പിക്കാൻ കഴിയൂ. കഴിഞ്ഞ ഒരു നൂറ്റാണ്ടായി ലക്ഷക്കണക്കിന് യുവാക്കളെ ലഹരിയിൽ നിന്നും വിമോചിപ്പിച്ച സ്വാതീക സമൂഹമാണ് പെന്തകോസ്ത് സഭകൾ. കൂടുതൽ ഉത്തരവാദിത്വവും സാമൂഹിക പ്രതിബദ്ധതയും സഭകൾക്ക് ഉണ്ട്.

PRAYER


പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04822223287
Email : prayercell@rediffmail.com



സുവിശേഷധ്വനി
ക്രിസ്തീയ പത്രം

അപവാദം ആയുധമാക്കുമ്പോൾ



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

മൂന്നു തരം നുണയന്മാർ ഉണ്ട്. ഇതിൽ. ഒന്നാമതെത് നിർബന്ധിത നുണയൻ ആണ്. ചെറുതും നിസ്സാരവുമായ കാര്യങ്ങളിൽ നുണ പറയുന്ന ഒരാളാണ് നിർബന്ധിത നുണയൻ. അവരുടെ നുണകളും കഥകളും യാദൃശ്ചികവും നിമിഷത്തിന്റെ പ്രേരണയിൽ ഉണ്ടാക്കിയതുമാണ്. പാത്തോളജിക്കൽ നുണയന്മാർ ആണ് രണ്ടാമത്തെ ഇനം. അവരുടെ കഥകൾ ഗംഭീരമാണ്, ഏതെങ്കിലും വിധത്തിൽ തങ്ങളിലേക്ക് വളരെയധികം ശ്രദ്ധ ആകർഷിക്കുന്നു. നുണ പറയുന്നതിന് പിന്നിൽ അവർക്ക് വ്യക്തമായ ലക്ഷ്യമുണ്ടെന്ന് തോന്നുന്നു.

സാമൂഹിക നുണയന്മാർ ആണ് മൂന്നാമത്തെ കൂട്ടർ. ഒരു സോഷ്യോപതിക് നുണയൻ തന്റെ നുണകൾ ആകർഷകത്വത്തോടെ മറച്ചുവെക്കുകയും അവരുടെ നുണയെക്കുറിച്ച് നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഏത് സംശയവും വ്യതിചലിപ്പിക്കുന്നതിന് വേഗത്തിൽ വിശദീകരണങ്ങൾ തയ്യാറാക്കുകയും ചെയ്യുന്ന ഒരാളാണ്. നുണ പറയാനുള്ള അവരുടെ കഴിവിൽ അവർ അഭിമാനിക്കുന്നു, അവരുടെ നുണയാഥാർത്ഥ്യമായി വിശ്വസിക്കാൻ നിങ്ങളെ പ്രാപ്തരാക്കുന്ന ഒരു വൈദഗ്ദ്ധ്യം ഉണ്ട്.

ഗീബൽസിനെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. ഗീബൽസ് ഹിറ്റ്ലറുടെ പ്രചാരണമന്ത്രിയായിരുന്നു. ഒരു നുണ നൂറു തവണ ആവർത്തിച്ചാൽ അത് നേരായി ജനങ്ങൾ വിശ്വസിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. പച്ചനുണ, നട്ടാൽ മുളയ്ക്കാത്ത നുണ ആവർത്തിച്ച് പ്രചരിപ്പിക്കലായിരുന്നു അദ്ദേഹത്തിന്റെ മുഖ്യതൊഴിൽ. എന്നാൽ ഗീബൽസിനെ വെല്ലുന്ന നുണയന്മാർ ഇന്ന് സഭകളിൽ ഉണ്ട്.

പിശാചിന്റെ മറുപേരാണ് അപവാദി എന്നത്. അതിൽ നിന്നു തന്നെ അപവാദ പ്രചരണം നടത്തുന്നവർ ആരുടെ ഏജന്റാണെന്ന് മസിലാക്കാമല്ലോ. മറ്റൊരാളെ അപകീർത്തിപ്പെടുത്തുവാൻ, അപമാനിക്കുവാൻ, നിരാശപ്പെടുത്തുവാൻ, തളർത്തുവാൻ, നശിപ്പിക്കുവാൻ പിശാച് അസൂയാലുക്കളിലൂടെ ഉപയോഗിക്കുന്ന തന്ത്രമാണ് അപവാദ പ്രചരണം. അപവാദ പ്രചരണത്തന് കാരണം, അപവാദികളുടെ മാനസിക അവസ്ഥ, അപവാദത്തോടുള്ള ദൈവജനത്തിന്റെ പ്രതികരണം മുതലായവ വേദപുസ്തക അടിസ്ഥാനത്തിൽ മനസിലാക്കുന്നവർ അപവാദ പ്രചരണങ്ങളിൽ തളരുകയില്ല. എല്ലാ അപവാദങ്ങളുടെയും ഉത്ഭവം പൈശാചികമാണ്. ശരിയായ തെളിവു കൂടാതെ മറ്റൊരാളിനെതിരെ ഉന്നയിക്കുന്നതും പ്രചരിപ്പിക്കുന്നതുമായ എല്ലാ സംഗതികളും പൈശാചികമാണ്.

അപവാദ പ്രചരണത്തിന്റെ കാരണങ്ങൾ

1. അസൂയ

അപവാദ പ്രചരണത്തിന് പ്രേരിപ്പിക്കുന്ന അനേക ഘടകങ്ങളിൽ പ്രധാനമായത് അസൂയയാണ്. മറ്റൊരാളിന്റെ ഉയർച്ചയിൽ അസൂയാലുക്കളായവർ, തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ നശിപ്പിക്കുവാൻ ഏതു മാർഗ്ഗവും ഉപയോഗിക്കും. മറ്റൊരാളിന്റെ സാമ്പത്തിക ഉയർച്ച, തൊഴിലിലെ ഉയർച്ച, ശുശ്രൂഷയിലെ ഉയർച്ച, സ്ഥാനമാനങ്ങൾ എന്നിവകളൊക്കെ അസൂയാലുക്കൾക്ക് വെല്ലുവിളിയാണ്. ഏതു വിധ ഉയർച്ചക്കും വില കൊടുക്കേണ്ടിവരും. ശുശ്രൂഷയിൽ വളരുന്നവർ പഠനത്തിനും പ്രാർഥനയ്ക്കും സമയം ചെലവിടുന്നവരും, സ്വന്തം ജീവിതം കളങ്കമേൽക്കാതെ സൂക്ഷിക്കുന്നവരുമാണ്. കുറുക്കു വഴികളിലൂടെ ഉയർച്ച ആഗ്രഹിക്കുന്ന അസൂയാലുക്കളുടെ അപവാദപ്രചരണങ്ങൾക്ക് അങ്ങനെയുള്ളവരെ തളർത്തുവാൻ കഴിയുകയില്ല. താൽക്കാലികമായി കണ്ണുനീർ താഴ്വരയിൽ കൂടെ കടക്കേണ്ടിവന്നാലും അവർ മേൽക്കുമേൽ ബലം പ്രാപിക്കും.

2. ക്രൂരതയിലെ ആനന്ദം

ക്രൂരതയിൽ ആനന്ദം അനുഭവിക്കുന്ന, വാസനാ വൈകൃതമുള്ള, ക്രൂരത ദർശിക്കുന്നതിലൂടെ സുഖം അനുഭവിക്കുന്ന മനോരോഗികൾ ധാരാളം ഉണ്ട്. ക്രൂരതയും ആത്മനികൃഷ്ടീകരണവും ചേർന്നുള്ള മാനസികാവസ്ഥയുള്ള കുറെപ്പേർ ദൈവസഭയിലും നുഴഞ്ഞു കയറിയിട്ടുണ്ട്. മറ്റുള്ളവരെ എങ്ങനെയും വേദനിപ്പിക്കുകയും, അവരുടെ വേദനയിൽ ആനന്ദിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ സഹവിശ്വാസികൾക്കെതിരെ ഏത് അപവാദവും പ്രചരിപ്പിക്കും. സാക്ഷ്യത്തിലൂടെ, പ്രസംഗത്തിലൂടെ, പ്രാർഥനാവാചകങ്ങളിലൂടെയൊക്കെ മറ്റുള്ളവരെ വേദനിപ്പിച്ചിട്ട് സന്തോഷിച്ചിരിക്കുന്നവരുണ്ട്. ഇക്കൂട്ടർ ഒരു തരം മനോരോഗികളാണ്.

3. പൂർത്തീകരിക്കപ്പെടാതെ ആഗ്രഹങ്ങൾ

സ്വന്തം മനസിലെ ആഗ്രഹങ്ങൾ പൂർത്തീകരിക്കപ്പെടാതിരിക്കുന്ന ചിലർ അസ്വസ്തരാകും. തങ്ങളുടെ ആഗ്രഹങ്ങൾക്ക് വഴങ്ങാത്തവരെകുറിച്ചും, തടസ്സം നിൽക്കുന്നവരെകുറിച്ചും ഇക്കൂട്ടർ അപവാദങ്ങൾ പറയും. ''കുറുക്കന് മുന്തിരിങ്ങ പുളിക്കും'' എന്ന പോലെയാണ് ചിലർക്ക്.

മറ്റുള്ളവരുടെ ഭാര്യമാരെയും മക്കളെയുമൊക്കെ ആഗ്രഹിച്ചിട്ട്, അത് സാധിക്കാതെ വരുമ്പോൾ അവരെകുറിച്ച് കഥകൾ ചമച്ച് പ്രചരിപ്പിക്കുന്നത് ചിലരുടെ സ്വഭാവമാണ്. തങ്ങൾക്കു വഴങ്ങാത്തവരെയെല്ലാം മോശക്കാരായി ചിത്രീകരിക്കുന്നവർ ധാരാളം ഉണ്ട്. പൊത്തീഫേറിന്റെ ഭാര്യ യോസേഫിനെകുറിച്ച് അപവാദം പറഞ്ഞത് ഇതിനുദാഹരണമാണ്. മറ്റുള്ളവരെകുറിച്ച് ലൈംഗിക കഥകൾ ചമച്ച് പറഞ്ഞുകൊണ്ട് നടക്കുന്ന മറ്റൊരു കൂട്ടർ അതിലൂടെ മാനസിക സുഖം അനുഭവിക്കാൻ കൂടിയാണ്. അവരുടെ ലൈംഗിക അരാജകത്വമാണ് അതിനു കാരണം. ദ്രവ്യാഗ്രഹികളായ ചിലർ മറ്റുള്ളവരെ സാമ്പത്തിക ഉയർച്ചയിൽ അസൂയ പൂണ്ട്, അവരെയൊക്കെ തട്ടിപ്പുകാരും വെട്ടിപ്പുകാരുമൊക്കെയായി ചിത്രീകരിക്കുന്നതും ഇക്കൂട്ടരുടെ പൂർത്തികരിക്കാത്ത ആഗ്രഹങ്ങൾ നിമിത്തമാണ്. അവസരം കിട്ടിയാൽ ഏത് നീച പാപവും ചെയ്യുവാൻ കൊതിച്ച് നടക്കുന്നവരാണ് ഇക്കൂട്ടർ.

4. ന്യായമായ വാദമുഖങ്ങൾ ഇല്ലാത്തത്

വിരോധികൾക്കെതിരെ ന്യായങ്ങൾ നിരത്തി വാദിക്കാറുണ്ട്. ആശപരമായും ബുദ്ധിപരമായും എതിർക്കുന്നത് മനസ്സിലാക്കാം. എന്നാൽ ഒരാൾക്കെതിരെ ഉന്നയിക്കുവാൻ ന്യായമായതൊന്നും കണ്ടെത്താതെ വരുമ്പോൾ, അടുത്ത പടിയാണ് അപവാദം പറയുക എന്നത്. ''ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക'' എന്നു പറഞ്ഞതുപോലെയാണിത്. യേശുക്രിസ്തുവിനെ വിസ്തരിച്ചപ്പോൾ എതിരാളികൾ ഈ മാർഗ്ഗമാണ് ഉപയോഗിച്ചത്. യേശുവിനെകുറിച്ച്, ഒരു തെറ്റു കണ്ടുപിടിക്കുവാൻ കഴിയാതിരുന്നപ്പോൾ, കള്ള സാക്ഷികളെ ഉപയോഗിച്ച് ഒന്നും ഫലിക്കാതെ വന്നപ്പോൾ ''ദൈവദൂഷണം'' എന്ന ആയുധം ഉപയോഗിച്ചു.

5. സ്വന്തം തെറ്റുകൾ മൂടി വയ്ക്കുവാൻ

സ്വന്തം തെറ്റുകൾ മറച്ചു വയ്ക്കുവാൻ ശ്രമിക്കുമ്പോൾ തന്നെ, പിടിക്കപ്പെടുമോ എന്നു ഭയന്ന് നടക്കുന്നവർ ഉണ്ട്. അവർ തങ്ങളുടെ തെറ്റ് മറയ്ക്കുവാൻ അനേക ന്യായങ്ങൾ കണ്ടെത്തും. അതിൽ ഒന്ന് തങ്ങൾ മാത്രമല്ല, പലരും ഇങ്ങനെയൊക്കെ തന്നെയാണ് ജീവിക്കുന്നതെന്ന് പ്രചരിപ്പിച്ചാണ്. ''ഇവിടെ ആരും അത്ര നീതിമാന്മാരൊന്നുമല്ല'' എന്നുള്ള മുഖവുരയോടെ ഇക്കൂട്ടർ മറ്റുള്ളവർക്കെതിരെ അപവാദം പ്രചരിപ്പിക്കും. ഇത് ഒരുതരം മുൻകൂർ ജാമ്യം എടുക്കലാണ്.

6. ഭീരുത്വം

മറ്റുള്ളവരെ നേരിട്ട് അഭിമുഖീകരിക്കുവാൻ ഭയപ്പെടുന്ന ചിലർ, ഒളിച്ചിരുന്ന് ആക്രമിക്കാറുണ്ട്, പറയാനുള്ളത് മുഖത്തു നോക്കി പറയാൻ തന്റേടമില്ലാത്ത, നട്ടെല്ലില്ലാത്ത ഭീരുക്കൾ മറ്റുള്ളവരെ ഉപയോഗിച്ച് അപവാദ പ്രചരണം നടത്തുന്നു. അപവാദ പ്രചരണം തൊഴിലാക്കിയ ചില മാധ്യമങ്ങളെ, പണം കൊടുത്ത് ഇവർ സ്വാധീനിക്കുന്നു. അജ്ഞാത ടെലിഫോൺ വിളികളിലൂടെ മറ്റുള്ളവരെ ഭയപ്പെടുത്തി ഇവർ ധനസമ്പാദനത്തിനും ശ്രമിക്കാറുണ്ട്.

മറ്റൊരാളുടെ പൊതുപ്രവർത്തനങ്ങളെ, നയങ്ങളെ, ഭരണത്തെയൊക്കെ വിമർശിക്കുവാൻ എല്ലാവർക്കും അവകാശം ഉണ്ട്. എന്നാൽ വൈരനിര്യാതന ബുദ്ധിയോടെ സ്വഭാവ ഹത്യ നടത്തുന്നത് വിമർശനത്തിന്റെ അതിർ വരമ്പുകളെ ലംഘിച്ചുള്ള അപാവദപ്രചരണമാണ്. മറ്റൊരാളുടെ സ്വകാര്യ ജീവിതത്തെകുറിച്ച് ന്യായമായ ആക്ഷേപം ഉണ്ടെങ്കിൽ വ്യക്തിയുമായി നേരിട്ടും, അനുവദനീയമായ സമിതികളിലൂടെയും സംഗതി ഉന്നയിക്കാവുന്നതാണ്. എന്നാൽ സത്യവിരുദ്ധമായ പ്രസ്താവനകൾ വാമൊഴിയായും വരമൊഴിയായും പ്രചരിപ്പിക്കുന്നത് സംസ്ക്കാര ശൂന്യതയാണ്, കാടത്തമാണ്, പ്രാകൃതമാണ്, ബാലിശമാണ്, പാപമാണ്.

അപവാദ പ്രചരണത്തോടുള്ള പ്രതികരണം

അപവാദ പ്രചരണങ്ങളല്ല വാസ്തവത്തിൽ ഒരുവനെ തളർത്തുന്നത്, അതിനോടുള്ള പ്രതികരണമാണ്.

(a). ആർക്കും ഉപദ്രവിക്കുവാൻ കഴിയുകയില്ല

നമ്മുടെ അനുവാദം കൂടാതെ മറ്റൊരാൾക്ക് നമ്മെ ഉപദ്രവിക്കുവാൻ കഴിയുകയില്ല. ''നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തിയുള്ളവർ ആകുന്നു എങ്കിൽ നിങ്ങൾക്ക് ദോഷം ചെയ്യുന്നവൻ ആർ? (1 പത്രോ. 3:13). തിന്മ ചെയ്യാതെ, നന്മയായത് മാത്രം ചെയ്തുകൊണ്ടിരുന്നാൽ മറ്റൊരാൾക്കും നമ്മെ ഉപദ്രവിക്കുവാൻ കഴിയുകയില്ല. തിന്മക്കു പകരം തിന്മ ചെയ്യുവാനുള്ള പൈശാചിക പ്രേരണ ഒഴിവാക്കി നല്ലത് മാത്രം ചെയ്തുകൊണ്ടിരുന്നാൽ ബാക്കി കാര്യം ദൈവം നോക്കിക്കൊള്ളും.

(b). സകലവും നന്മക്കാണ്

ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുകയും ദൈവഹിതത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്ന വ്യക്തികളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ഒടുവിൽ നന്മയായി മാറും (റോമ. 8:28 നോക്കുക). ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുവാൻ, തകർച്ച അത്യന്താപേക്ഷിതമാണ്. നമ്മുടെ ഉള്ളിൽ തകർച്ച ഉണ്ടാകുവാനും, കൂടുതൽ ദൈവത്തിൽ ആശ്രയിക്കുവാനും ഉള്ള മുഖാന്തിരങ്ങളായി മാത്രം അപവാദ പ്രചരണങ്ങളെ കാണണം. ''നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിന് ജീവരക്ഷ വരുത്തേണ്ടതിന് അതിനെ ഗുണമാക്കി തീർത്തു (ഉൽപ. 50:20) എന്നുള്ള യോസേഫിന്റെ പ്രതികരണം ശ്രദ്ധേയമാണ്. ''അവർ ശപിക്കട്ടെ; യഹോവ അവനോട് കൽപിച്ചിരിക്കുന്നു''

''പക്ഷേ യഹോവ എന്റെ സങ്കടം നോക്കി ഇന്നത്തെ ഇവന്റെ ശാപത്തിനു പകരം എനിക്കു അനുഗ്രഹം നൽകും'' (2 ശമു. 16:12) എന്ന ദാവീദിന്റെ വിശ്വാസ പ്രഖ്യാപനം ശരിയായ പ്രതികരണമായിരുന്നു. ദൈവം ദോഷത്തെ ഗുണമാക്കുമെന്നും ശാപത്തെ അനുഗ്രഹമാക്കുമെന്നും വിശ്വസിക്കണം.

(c) മാനുഷിക അഭിപ്രായങ്ങളിൽ ആശ്രയിക്കരുത്

മനുഷ്യൻ മാറി മാറി പറയുന്ന അഭിപ്രായങ്ങൾക്ക് അമിതമായ വില കൊടുക്കരുത്. മിക്ക മനുഷ്യരും അവസരവാദികളാണ്. മനുഷ്യനെയല്ല, ദൈവത്തെയാണ് പ്രസാദിപ്പിക്കേണ്ടത്. മനുഷ്യൻ യേശുവിനെകുറിച്ച് പറഞ്ഞ അഭിപ്രായങ്ങളെ യേശു വില കൽപിക്കാതെ, ശുശ്രൂഷ തുടർന്നു. ഭൂതങ്ങളുടെ തലവനെക്കൊണ്ടാണ് യേശു ഭൂതത്തെ പുറത്താക്കുന്നതെന്ന് പറഞ്ഞിട്ടും യേശു ഭൂതങ്ങളെ പുറത്താക്കിക്കൊണ്ടിരുന്നു. ''മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിവിൻ, അവനെ എന്തു വിലമതിപ്പാനുള്ളു'' (യെശ. 2:22). ദൈവത്തിന് പ്രസാദകരമായത് ചെയ്തുകൊണ്ടിരുന്നാൽ, മനുഷ്യന്റെ അഭിപ്രായങ്ങളെ ഭയപ്പെടേണ്ട ആവശ്യം ഇല്ല. ദൈവം അനുകൂലമെങ്കിൽ, മനുഷ്യന് എന്തു ചെയ്യുവാൻ കഴിയും?

(d) സന്തോഷിപ്പിൻ

നാം ചെയ്യുന്ന സൽപ്രവർത്തികൾക്കെന്നപോലെ, നാം അനുഭവിക്കുന്ന (അപവാദങ്ങളാൽ) വേദനകൾക്കും പ്രതിഫലം ഉണ്ട്. അതിനാൽ നിരാശപ്പെടാതെ, സന്തോഷിക്കണം. ''നിങ്ങളെക്കൊണ്ട് എല്ലാതിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ'' (മത്താ. 5:11, 2).

പൗലോസിനു നേരെ കുറ്റാരോപണങ്ങൾ ഉണ്ടായപ്പോൾ അദ്ദേഹം പറഞ്ഞത് ''സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു.....'' (അപ്പോ. 23:1) എന്നാണ്. അതാണ് നമ്മുടെ പ്രാഗത്ഭ്യം. കുറ്റാരോപണങ്ങളും, അപവാദങ്ങളും കേട്ടിട്ടും തളരാതെ ദൗത്യം നിർവ്വഹിച്ച യേശുവാണ് നമുക്ക് മാതൃക. അപവാദത്തിന്റെ വേദന യേശുവിന് അറിയാം. അവിടുന്ന് നമ്മുടെ കാര്യസ്ഥനായുണ്ട്. പിശാചിന്റെ തന്ത്രങ്ങളെ മനസിലാക്കി, അധൈര്യപ്പെടാതെ ദൗത്യ നിർവ്വഹണത്തിൽ മുന്നേറുവാൻ ദൈവം സഹായിക്കും.

മറ്റൊരാളുടെ പൊതുപ്രവർത്തനങ്ങളെ, നയങ്ങളെ, ഭരണത്തെയൊക്കെ വിമർശിക്കുവാൻ എല്ലാവർക്കും അവകാശം ഉണ്ട്. എന്നാൽ വൈരനിര്യാതന ബുദ്ധിയോടെ സ്വഭാവ ഹത്യ നടത്തുന്നത് വിമർശനത്തിന്റെ അതിർ വരമ്പുകളെ ലംഘിച്ചുള്ള അപാവദപ്രചരണമാണ്.

പാസ്റ്ററെയും മകനെയും മർദ്ദിച്ചു



കുശാൽനഗർ: കൊടക് ജില്ലയിലെ കുശാൽനഗർ താലൂക്കിൽ സുന്ദര നഗറിൽ ട്രീ ഓഫ് ലൈഫ് മിനിസ്ട്രീസ് ചർച്ചിൽ ശുശ്രൂഷിക്കുന്ന പാസ്റ്റർ ജോർജ് സ്റ്റീഫനെയും മകൻ രോഹനെയും സുവിശേഷ വിരോധികൾ മർദിച്ചു. ചൊവ്വാഴ്ച കൂട്ടമായി വന്ന് നിങ്ങൾ നിർബന്ധമായി മത പരിവർത്തനം നടത്തുന്നു എന്ന് ആരോപിച്ച് ആക്രമിക്കുകയായിരുന്നു. ആരാധന തുടർന്നാൽ വീണ്ടും ആക്രമിക്കുമെന്ന് സംഘടനാ നേതാവ് രാജിവ് പറഞ്ഞു. പാസ്റ്റർ ഉടൻ തന്നെ പോലിസിൽ പരാതി നൽകി. പോലീസ് കേസെടുത്തു അന്വേഷണം നടത്തും എന്ന് അറിയിച്ചു.

പലസ്തീൻ ആരുടേത്? ഭാവി എന്ത്?...

(3-ാം പേജ് തുടർച്ച)

ന്നതിനാൽ ഭൗതിക നന്മകൾ ലക്ഷ്യമാക്കി അവരെല്ലാം സംഘടിത ക്രിസ്തുമതത്തിൽ ലയിക്കും. അങ്ങനെ അന്നത്തെ ക്രിസ്തു മതം ലോകത്തിലെ പ്രബല ശക്തിയായി മാറും. അവരുടെ സഹായം കൂടാതെ എതിർക്രിസ്തുവിന് തന്റെ കാര്യസാധ്യം സാധ്യമല്ലാത്തതിനാൽ അവൻ ആ മതവുമായി സഖ്യത ചെയ്ത് അതിന് കീഴ്പ്പെടും. അതായിരിക്കും മൃഗം സ്ത്രീയെ ചുമക്കാൻ കാരണം.

ക്രിസ്തിയ സഭയല്ല, യെഹൂദനാണ് നമ്മുടെ പ്രസക്ത വിഷയം. അന്നുവരെ ലോകം കണ്ടിട്ടുള്ളതിൽ ഏറ്റവും വലിയ നയതന്ത്രജ്ഞ നായിരിക്കും എതിർക്രിസ്തു എന്ന് മുകളിൽ കുറിച്ചതാണ്. അവൻ ക്രിസ്തുമത്തിന് കീഴിപ്പെടുന്നത് അവന്റെ കാര്യസാധ്യത്തിനുവേണ്ടിയാണ്. മതത്തിന് കീഴ്പ്പെട്ടിരിക്കുമ്പോൾ മതത്തിന്റെ എണ്ണമറ്റ സമ്പത്തുകൾ നയതന്ത്രത്താൽ തന്നെ അവൻ കൈവശമാക്കി ജനക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കും. അങ്ങനെ അവൻ ജനത്തിന്റെ ആരാധ്യനായി മാറും. അന്ന് യുദ്ധാവശ്യങ്ങൾക്കായി സമ്പത്തുകൾ ചെലവഴിക്കേണ്ടതില്ലാത്തതിനാൽ ജനക്ഷേമ പ്രവർത്തനങ്ങൾ സുഗമാകുകയും ജനങ്ങൾ സന്തുഷ്ടരാകുകയും ചെയ്യും. അതെല്ലാം കാണുന്ന യിസ്രായേൽ അവൻ മശിഹായാണെന്ന് തെറ്റിദ്ധരിച്ച് അവരും അവനെ അംഗീകരിക്കും. ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല. മറ്റൊരുവൻ സ്വന്ത നാമത്തിൽ വന്നാൽ അവരെ നിങ്ങൾ കൈക്കൊള്ളും എന്ന് കർത്താവ് പറഞ്ഞത് അതിനാൽ നിവർത്തിയാകും. അങ്ങനെ ക്രിസ്തുമതത്തിന്റെയും യെഹൂദാമതത്തിന്റെയും പിന്തുണയോടെ എതിർക്രിസ്തു ചക്രവർത്തിയായി വഴും.

തുടർന്ന് അവൻ ക്രിസ്തുമത നിയമങ്ങളെ എതിർക്കാൻ തുടങ്ങും. അപ്പോൾ മതം അവനോട് എതിർക്കും. അവൻ ക്രിസ്തു മതത്തെ സമ്പൂർണ്ണമായി നശിപ്പിക്കും. അതിന് യെഹൂദ മതത്തിന്റെ പിന്തുണ അവനുണ്ടായേക്കാം. തുടർന്ന് അവൻ യെഹൂദ മതാനുഷ്ഠാനങ്ങളെ എതിർത്ത് നിരോധിക്കും. അവൻ തന്റെ പ്രതിമ ദൈവാലയത്തിൽ സ്ഥാപിക്കുകയും അതിനെ ആരാധിക്കാൻ യെഹൂദന്മാരോട് കൽപിക്കുകയും ചെയ്യും. അവൻ തന്നെ ദൈവം എന്ന് നടിച്ച് യെഹൂദന്റെ ദൈവാലയത്തിൽ കയറിയിരിക്കും. അവനെ കൈക്കൊണ്ടതിൽ തങ്ങൾക്ക് തെറ്റുപറ്റി എന്ന് യെഹൂദന്മാർക്ക് മനസിലാകുമ്പോൾ അവർ അവനോട് എതിർക്കുമ്പോഴായിരിക്കും അവരുടെ മഹോപദ്രവ കാലം തുടങ്ങുന്നത്. 42 മാസത്തേക്ക് വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിക്കാൻ അവന് അധികാരം ലഭിക്കും (വെളി. 13:5-7). അവരുടെ വീണ്ടെടുപ്പുകാരനായി വന്ന മശിഹായെ അവർ കൈക്കൊള്ളാതെ അവനെ കൊല്ലുവാൻ അന്യജാതികൾക്ക് ഏൽപിക്കുകയും അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്ന് ഏറ്റു പറഞ്ഞതിന്റെ ശിക്ഷയായിരിക്കും അത്.

മഹോപദ്രവകാലത്ത് അവർ അനുഭവിക്കേണ്ടി വരുന്ന യാതനകൾ അവർണ്ണനീയമാണ്. അത് അവർ തന്നെ വരുത്തി വെച്ചതും വെയ്ക്കുന്നതുമാണ്. അങ്ങനെ സംഭവിക്കാതിരിക്കാനുള്ള മുന്നറിയിപ്പുകളും അവ ലംഘിച്ചാൽ അനുഭവിക്കേണ്ടിവരുന്ന യാതനകളും അവർക്ക് നൽകിയ ന്യായപ്രമാണത്തിൽ കൂടെ ദൈവം നൽകിയിട്ടുണ്ട്. അതിന് ദൈവത്തിന്റെമേൽ ക്രൂരത്വം ആരോപിച്ചിട്ടു കാര്യമില്ല. അക്കാലത്ത് അവരിൽ അധികം പേരും കൊല്ലപ്പെടുകയും നാടുവിട്ട് പാലായനം നടത്തുകയും ചെയ്യും. ചുരുക്കം ചിലർ മാത്രം ദേശത്ത് ശേഷിക്കും. അവർ മേലോട്ട് നോക്കി നിലവിളിച്ചുകൊണ്ട് മശിഹായേ അയച്ചു അവരെ രക്ഷിക്കണമേ എന്ന് പ്രാർഥിക്കും. അപ്പോഴായിരിക്കും വെളിപ്പാട് 19-ൽ പറയും പ്രകാരം കർത്താവായ യേശു രാജാധി രാജാവായി യെരുശലേമിലേക്ക് വരുന്നത്. യെഹൂദന്മാർക്ക് സഹായം ചെയ്യുവാൻ ഒരുവൻ വന്നിരിക്കുന്നു എന്ന വർത്ത എതിർക്രിസ്തു അറിയുമ്പോൾ അതുവരെ ഹർമ്മഗെദോൻ സമതലത്തിൽ പാളയമിറങ്ങിയിരുന്ന അവന്റെ സൈന്യത്തെ യെരുശലേമിലേക്ക് വരുത്തും. അവിടെ വെച്ച് അവന്റെ സൈന്യങ്ങൾ അശേഷം നിർമ്മൂലമാകും. എതിർക്രിസ്തുവിനേയും കള്ള പ്രവാചകനേയും ഗന്ധക തീപ്പൊയ്കയിലേക്കും സാത്താനെ അഗാധകൂപത്തിലേക്കും തള്ളിക്കളഞ്ഞശേഷം ഭൂമിയിൽ സഹസ്രാബ്ദയുഗം ആരംഭിക്കും. (തുടരും)

സൗമ്യാ തോമസിന് നേഴ്സിംഗിൽ ഡോക്ടറേറ്റ്



അടൂർ: സൗമ്യാ തോമസിന് നേഴ്സിംഗിൽ ഡോക്ടറേറ്റ് . ഇൻഡോർ ആസ്ഥാനമായ മൽവാഞ്ചൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഗൈനോക്കോളജിക്കൽ നേഴ്സിംഗിലാണ് സൗമ്യ ഡോക്ടറേറ്റ് നേടിയത്. ശ്രീ ശങ്കരാചാര്യ കോളേജ് ഓഫ് നേഴ്സിംഗിൽ അസിസ്റ്റൻറ് പ്രഫസറായി സേവനം അനുഷ്ഠിക്കുന്ന സൗമ്യ, മണക്കാല ഐ പി സി ശാലോം സഭാംഗമാണ്.

ഭർത്താവ് ചെറി ബേബി നൈനാൻ ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്ന മൾട്ടി നാഷണൽ കമ്പനിയിൽ എഞ്ചിനിയറായി പ്രവത്തിക്കുന്നു.

മികച്ച ഐസിഡിഎസ് സൂപ്പർവൈസർ സംസ്ഥാന അവാർഡ് സ്നേഹ സേവ്യറിന്



ഇടുക്കി: കേരള സർക്കാർ വനിത ശിശു വികസന വകുപ്പിന്റെ മികച്ച ഐസിഡിഎസ് സൂപ്പർവൈസർക്കുള്ള 2023 -2024 സംസ്ഥാന അവാർഡ് നേടി സ്നേഹ സേവ്യർ. നിലവിൽ ഐസിഡിഎസ് കട്ടപ്പന പ്രോജെക്ടിൽ കാഞ്ചിയാർ പഞ്ചായത്ത് ഐ സി ഡി എസ് സൂപ്പർവൈസറാണ്.

അങ്കണവാടികളുടെ സന്ദർശനവും മേൽനോട്ടവും, അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, വകുപ്പുതല സ്കീമുകളുടെ നിർവഹണം, വിവിധ പരിശീലന പരിപാടികളുടെ നേതൃത്വം, സ്ത്രീകൾ കുട്ടികൾ വയോജനങ്ങൾ ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതികളിലൂടെ നിർവഹണം തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ച് 2023 -2024ലെ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അവാർഡ് ലഭിച്ചിട്ടുള്ളത്.

2025 മാർച്ച് 8ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന വനിതാ ദിനാഘോഷ പരിപാടിയിൽ ആരോഗ്യ- വനിത ശിശു വികസന വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട ശ്രീമതി വീണ ജോർജ് അവർകൾ മൊമെന്റോയും സാക്ഷ്യപത്രവും വിതരണം ചെയ്യും.

സ്നേഹ സേവ്യർ, ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ചപ്പാത്ത് സെന്ററിന് കീഴിലുള്ള മാട്ടുക്കട്ട ദൈവസഭാംഗമാണ് . സൺഡേസ്കൂൾ സെന്റർ തല ജോയിന്റ് സെക്രട്ടറി ആയും സേവനം അനുഷ്ഠിക്കുന്നു. 2023ലെ വൈപി ഇ കേരളാസ്റ്റേറ്റ് താലന്ത് പരിശോധനയിൽ വ്യക്തിഗത ചാമ്പ്യൻ ആയിരുന്നു. അയ്യപ്പൻകോവിൽ പഞ്ചായത്ത് മാട്ടുക്കട്ട സ്വദേശിയാണ്. കപ്പിലാംമൂട്ടിൽ ജെയ്മോൻ തോമസാണ് ഭർത്താവ്. മകൻ: ജൊഹാൻ ജയ് തോമസ്.

ബെൻജോ പി. ജോസ് ഗോൾഡ് മെഡൽ നേടി



ഉത്തരാഖണ്ഡ്: സിവിൽ സർവീസ് പരീക്ഷയിൽ 59-ാം റാങ്ക് നേടി ഐ.എ.എസ് പരിശീലനം ചെയ്യുന്ന പെന്തെക്കൊസ്ത് വിശ്വാസി ബെൻജോ പി. ജോസിന് കായിക മത്സരത്തിൽ സ്വർണ്ണ മെഡൽ. ഉത്തരാഖണ്ഡിലെ മുസ്സൂറിയിലുള്ള സിവിൽ സർവീസ് പരിശീലന സ്ഥാപനമായ ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ ക്യാംപസിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായിൽ നിന്നും ബെൻജോ മെഡൽ ഏറ്റുവാങ്ങി.

അടൂർ ദി പെന്തെക്കൊസ്ത് മിഷൻ സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററും സംസ്ഥാന കൃഷി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമായ അടൂർ പുളിയുള്ളതറയിൽ ജോസ് ഫിലിപ്പിന്റെയും സ്റ്റേറ്റ് ബാങ്ക് മാനേജർ ബെറ്റിയുടെയും മൂത്ത മകനാണ് ബെൻജോ. സഹോദരൻ. അലൻ പി.ജോസ്

സ്വർഗീയധ്വനി പത്രത്തിൽ

വിവാഹ പരസ്യത്തിന് 750 രൂപ മാത്രം

ബന്ധപ്പെടുക.

9447593865



ലഹരിക്കെതിരെ സന്ദേശ യാത്രയും പരസ്യ യോഗവും



കൊട്ടാരക്കര: വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണ സന്ദേശവുമായി തൃക്കണ്ണമംഗൽ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ (ഐപിസി) ആഭിമുഖ്യത്തിൽ ബോധവൽക്കരണ സന്ദേശ യാത്രയും പരസ്യയോഗവും നടത്തി. പാസ്റ്റർ സാജൻ വർഗീസ് മുഖ്യസന്ദേശം നൽകി. കെ.പി.തോമസ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ മാരായ എം.ടി ശാമുവേ ൽ, കെ.എ ജോണിക്കുട്ടി എന്നിവർ സന്ദേശം നൽകി. സാംസൺ പാളക്കോണം, മോനച്ചൻ ശാമുവേൽ, ജോസ് വർഗീസ്, ബേബി ജോസഫ്, ജോർജ് ചാക്കോ, സാമൂവേൽ ജോർജ്, ടി ഒ അച്ചൻകുഞ്ഞ്, കെ ഒ ബാബു, ടി എം മോനച്ചൻ, ബിബിൻ സാം, അഡ്വ. ബിനോയ് എം, ബെൻസൺ, ജിജോ ജോർജ് എന്നിവർ നേതൃത്വം നൽകി.

ഐപിസി പിസികെ പിവൈപിഎ ഭാരവാഹികൾ



കുവൈറ്റ്: കുവൈറ്റിലെ പ്രഥമ പെന്തക്കോസ്തു സഭയായ ഐപി സി പിസികെ സഭയുടെ 2025 വർഷത്തെ പിവൈപിഎ ഭാരവാഹികൾ സ്ഥാനമേറ്റു. പാസ്റ്റർ എബ്രഹാം വർഗീസ് അധ്യക്ഷനായ കൗൺസിലിൽ ജോബി സ്റ്റാൻലി സെക്രട്ടറിയായും സ്റ്റീവി സ്കറിയ ട്രഷററായും പ്രവത്തിക്കും. വൈസ് പ്രസിഡന്റ്:റെജി വലിയമണ്ണിൽ ജോയിന്റ് സെക്രട്ടറി: ഫിലിപ്പ് ഡാനിയേൽ, ജോയിന്റ് ട്രഷറർ: ജോജി വർഗീസ് മണക്കാല, കൗൺസിൽ അംഗങ്ങളായി ഷിജു എം. ജോസഫ്, ജേസൺ ജോൺ, ജോയൽ സി സണ്ണി, ജെറിൻ ജെയിംസ്, ബാബു തോമസ്, ജേസൺ ജിജി, റോയ് പി ചെറിയാൻ, ജിജു വി മാമ്മൻ, റോബിൻ തോമസ് എന്നിവരും ഓഡിറ്ററായി സജി ജോൺ, ബിജു തോനിയമല എന്നിവരും പ്രവർത്തിക്കും.

അണക്കര കൺവൻഷൻ ഏപ്രിൽ 21 മുതൽ







കുമളി : അണക്കര പെന്തെക്കോസ്തൽ പ്രയർ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഹൈറേഞ്ചിലെ പെന്തെക്കോസ്തു സഭകളുടെ ആത്മീയ സംഗമമായ അഞ്ചാമത് അണക്കര കൺവൻഷൻ ഏപ്രിൽ 21 തിങ്കൾ മുതൽ 23 ബുധൻ വരെ അണക്കര ഗവൺമെൻറ് സ്കൂളിന് സമീപം നടക്കും. ദിവസവും വൈകുന്നേരം 5 30 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ പാസ്റ്റർ എബി അയിരൂർ, ഡോ. ഷിബു കെ. മാത്യു, പാസ്റ്റർ അനീഷ് തോമസ് എന്നിവർ പ്രസംഗിക്കും. ആധുനിക വാദ്യോപകരണങ്ങളുടെ പശ്ചാത്തലത്തിൽ റാന്നി രെഹോബോത്ത് ഗോസ്പൽ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ഹൈറേഞ്ചിലെ പെന്തക്കോസ്തു സഭകളുടെ ഐക്യമായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ ദൈവസഭകളുടെ ആത്മീയ ഉന്നമനവും യുവജനങ്ങളെ ആത്മീയ പ്രവർത്തനങ്ങളിൽ ഉത്സുകരാക്കുകയുമാണ് ലക്ഷ്യമിടുന്നതെന്ന് പാസ്റ്റർ തോമസ് എബ്രഹാം (പ്രസിഡണ്ട്), പാസ്റ്റർ സന്തോഷ് ഇടക്കര (സെക്രട്ടറി), ബ്രദർ മനോജ് കുളങ്ങര (ട്രഷറർ) എന്നിവർ അറിയിച്ചു.

മാനേജ്മെന്റിൽ പിഎച്ച്ഡി നേടി



തൃശൂർ: എൽത്തുരുത്ത് ഗോമസ് വില്ലയിൽ ജിൻസ് ഗോമസിന് ബോംബെ ഐഐടിയിൽ നിന്നും മാനേജ്മെന്റിൽ പിഎച്ച്ഡി ലഭിച്ചു. അയ്യന്തോൾ ഐപിസി സഭാംഗമാണ്. ഒളിപറമ്പിൽ പരേതനായ സാം ഗോമസിന്റെയും (റിട്ട.സുബൈദാർ മേജർ) ഗ്രേസിയുടേയും മകനാണ്. ഐപിസി കോലഞ്ചേരി സഭാശുശ്രൂഷകനുമായ പാസ്റ്റർ റെജി മൂലേടം ഭാര്യാപിതാവാണ്. ഭാര്യ: ഹന്ന എബ്രഹാം (ARISGLOBAL, ബാംഗ്ലൂർ). മകൻ: ഈഥൻ.

ഖത്തർ ശാരോൻ ഫെലോഷിപ്പ് ചർച്ച് കൺവെൻഷൻ

ദോഹ: ഖത്തർ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഏകദിന കൺവെൻഷൻ മാർച്ച് 29 ശനിയാഴ്ച വൈകിട്ട് 7 മുതൽ ദോഹ ആംഗ്ലിക്കൻ സെന്ററിൽ കൊരിന്തു ഹാളിൽ (Anglical Centre Corinth hall) നടക്കും. പാസ്റ്റർ സന്തോഷ് തര്യൻ (ന്യൂയോർക്ക് - ആൽബനി) പ്രസംഗിക്കും. ഖത്തർ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ക്വയർ ഗാനശുശ്രൂഷ നയിക്കും. സഭാ ശുശ്രൂക്ഷകൻ പാസ്റ്റർ സാം തോമസ് നേതൃത്വം നൽകും.

പുതിയ ഭരണ സമിതി

പാമ്പാടി: ഐപിസി പാമ്പാടി സെന്റർ പിവൈപിഎ യ്ക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ്:കെവിൻ ഫിലിപ്പ് സാബു, വൈസ് പ്രസിഡന്റ്: ഇവാ. ഷാന്റു കെ മാത്യൂ, ജോണി പി എബ്രഹാം, സെക്രട്ടറി: സിസ്റ്റർ കെ സിയ മേരി തോമസ്, ജോയിന്റ് സെക്രട്ടറി: അനീഷ് മാത്യു, സിസ്റ്റർ പ്രൈസി മാത്യു, ട്രഷറർ: സിജി വി ജോൺ, പബ്ലിസിറ്റി കൺവീനർ: യോശുവ അനീഷ്, മേഖല പ്രതിനിധി: പാസ്റ്റർ ടിഗോ തങ്കച്ചൻ, സ്റ്റേറ്റ് പ്രസിനിധി: പാസ്റ്റർ അനീഷ് പാമ്പാടി എന്നിവരെ തിരഞ്ഞെടുത്തു. കൂടാതെ 15 അംഗ കമ്മറ്റിയും തിരഞ്ഞെടുക്കപ്പെട്ടു.

ചെറുവക്കൽ: ഐപിസി വേങ്ങൂർ സെന്റർ പിവൈപിഎ യ്ക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ജോൺസൻ ഡാനിയേൽ (രക്ഷാധികാരി), പാസ്റ്റർ കെ. ബെന്നി, പാസ്റ്റർ ബിനുമോൻ എം, ഇവാ. വിൽസൺ സാമൂവൽ (ഉപദേശക സമിതി), പാസ്റ്റർ സജീവ് എസ് (പ്രസിഡന്റ്), ഇവാ.പ്രിൻസ് തോമസ്, ജിനു എസ് (വൈസ് പ്രസിഡന്റ്), ജെറിൻ മാത്യു (സെക്രട്ടറി), ജോമോൻ പി. , സിസ്റ്റർ. ജെൻസി അനീഷ് (ജോ. സെക്രട്ടറിമാർ), എബിൻ ഷിബു (ട്രഷറർ), ജസ്റ്റിൻ ബാബു (പബ്ലിസിറ്റി കൺവീനർ) എന്നിവരാണ് ഭാരവാഹികൾ.

കൊട്ടാരക്കര: ഐപിസി നിലമേൽ സെന്ററിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഭാരവാഹികൾ: പാസ്റ്റർ ജി തോമസുകുട്ടി (പ്രസിഡന്റ്), എസ്. സുശീലൻ (വൈസ് പ്രസിഡന്റ്), ഇവാ. ജോസ് കെ വർഗീസ്(സ്പോൺസർ മിനിസ്റ്റർ), പാസ്റ്റർ സാജു റ്റി. പൗലോസ് (സെക്രട്ടറി), ജോയിൻ സെക്രട്ടറി: പാസ്റ്റർ സാം റ്റി ജോൺ (ജോ. സെക്രട്ടറി), ബി. രാജു (ട്രഷറാർ) എന്നിവരെയും കമ്മിറ്റിയംഗങ്ങളായി പാസ്റ്റേഴ്സ് സിഞ്ചോ ജോൺ, ഷെറിൻ രാജ്, ജോസ് ടി എ, നഥാനിയേൽ ജെ എന്നിവരെയും സഹോദരന്മാരായ പ്രകാശ്, ജസ്റ്റിൻ ദാസ്, ഡാനികുട്ടി, വിജയൻ, പൗലോസ്, സുഗതൻ എന്നിവരെയും തിരഞ്ഞെടുത്തു.

വേർപാടുകൾ

റെയ്ച്ചൽ ജോൺസൺ



കോട്ടയം : ഐപിസി നേര്യമംഗലം സെന്റർ മണിപ്പാറ സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോൺസൺ പള്ളികുന്നേലിന്റെ ഭാര്യ റെയ്ച്ചൽ ജോൺസൺ (കൊച്ചുമോൾ - 54) നിര്യാതയായി.

ഫെബ്രു.24ന് ഉച്ചകഴിഞ്ഞ് ഐപിസി നേര്യമംഗലം സെന്ററിന്റെ നേതൃത്വത്തിൽ പൈങ്ങോട്ടൂർ കുര്യാക്കോസ് മെമ്മോറിയൽ ഹാളിലും പാമ്പാടി വട്ടമലപ്പടിയിലുള്ള സ്വവസതിയിലും ശുശ്രൂഷ നടന്നു. സംസ്കാരം ഫെബ്രു.25ന് വട്ടമലപ്പടി ഐപിസി ഹെബ്രോൻ സഭയുടെ നേതൃത്വത്തിൽ ശുശ്രൂഷ ആരംഭിച്ച് പുതുപ്പള്ളി സെന്ററിന്റെ പയ്യപ്പാടിയിലുള്ള സെമിത്തേരിയിൽ സംസ്കരിച്ചു. മകൻ: ഷോൺ ജോസ് ജോൺസൺ.

ലീലാമ്മ തോമസ്



തിരുവനന്തപുരം : ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡ് സ്ഥാപക പ്രസിഡന്റ് പാസ്റ്റർ ജോർജ് തോമസിന്റെയും, ബ്ലസ്സ് ഒഡിഷ മിനിസ്ട്രിസ് ഡയറക്ടർ പാസ്റ്റർ തോമസ് റോയിയുടെയും മാതാവ് ലീലാമ്മ തോമസ് (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ കെ.സി. തോമസ് (ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റ്) സംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പരേതനായ പാസ്റ്റർ എ തോമസിന്റെ സഹധർമിണിയാണ്. മക്കൾ: മിനി മാത്യു (കാനഡ), പാസ്റ്റർ തോമസ് റോയ്, പാസ്റ്റർ ജോർജ് തോമസ്, മരുമക്കൾ : പാസ്റ്റർ വി. എൽ. മാത്യു (റിട്ടയേർഡ് ഓഫീസർ, CTCRI ശ്രീകാര്യം), എലിസബത്ത് തോമസ്, ജാൻസി ജോർജ്

മറിയാമ്മ വർഗീസ്




കാനഡ: അടൂർ കരുവാറ്റ കടുവിനാൽ മേലേതിൽ പരേതനായ കെ. ജി വർഗീസിന്റെ ഭാര്യ മറിയാമ്മ വർഗീസ് (70) കാനഡയിൽ നിര്യാതയായി. മണക്കാല അടുച്ചിറ പുത്തൻവീട്ടിൽ കുടുംബാംഗമാണ് പരേത. സംസ്കാര ശുശ്രൂഷ മാർച്ച് 10ന് രാവിലെ 10.30 ന് ആരംഭിക്കുകയും തുടർന്ന് 2 ന് ഹെയ്സൽ വുഡ് സെമിത്തേരിയിൽ സംസ്ക്കരിക്കുകയും ചെയ്തു. മക്കൾ: ബിജു വർഗീസ്, ആശ വിനോ ജോൺ, ആഗി ജെയിംസ്. മരുമക്കൾ: സൂസൻ വർഗീസ്, വിനോ ജോൺ, ജെയിംസ് ജോസ്

സൂസമ്മ ഏബ്രഹാം



അടൂർ: മണക്കാല മുളമൂട്ടിൽ സൂസമ്മ ഏബ്രഹാം (80) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം മാർച്ച് 3 ന് ഭവനത്തിലെ ശുശ്രൂഷയ്ക്കു ശേഷം മണക്കാല ശാരോൻ ഫെലോഷിപ്പ് ചർച്ച് സെമിത്തേരിയിൽ നടത്തി. കലയപുരം പാലത്തിൻ തലക്കൽ പരേതനായ പാസ്റ്റർ വി. സാമുവേലിന്റെ മൂത്ത മകളാണ്. ഭർത്താവ്: പരേതനായ റ്റി.ഏ ബ്രഹാം (അനിയൻകുഞ്ഞ്), മാവൂർ ഗ്വാളിയർ റെയോൺ മുൻ ഉദ്യോഗസ്ഥൻ. മക്കൾ: ജേക്കബ് ഏബ്രഹാം (ഐഎസ്ആർഒ, അഹമ്മദ്ബാദ്), സാം ഏബ്രഹാം (ഖത്തർ), റോയി ഏബ്രഹാം (ആട്രേലിയ). മരുമക്കൾ: ലാലി, ജൂലി.

രാജമ്മ ഡാനിയേൽ



ഫിലെഡെൽഫിയ: പത്തനംതിട്ട മച്ചിയിൽ ഗ്രേയ്സ് ഭവനിൽ പരേതനായ എം.റ്റി ഡാനിയേലിന്റെ ഭാര്യ രാജമ്മ ഡാനിയേൽ (100) നിര്യാതയായി. സംസ്കാരം മാർച്ച് 1 ന് ലാബ് ഫ്യൂണറൽ ഹോമിൽ നടന്നു. കാർത്തികപ്പള്ളി നരീച്ചിയിൽ കുടുംബാംഗമാണ്. മക്കൾ: എലിസബത്ത്, ഫിന്നി, ലൂഥർ, പാസ്റ്റർ വെസ്ലി,സൂസൻ. മരുമക്കൾ: എം. സി. വർഗീസ്, ശോശാമ്മ, മേബിൾ,

ലീലാമ്മ ഡാനിയേൽ



ഡാളസ്: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ WMC പ്രസിഡന്റായും, ദീർഘവർഷങ്ങൾ കോർഡിനേറ്ററായും സേവനമനുഷ്ടിച്ച കൊല്ലം ടൗൺ AG സഭാംഗമായ (ഡാളസ് സയോൺ AG). ലീലാമ്മ ഡാനിയൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

മലയാളം ഡിസ്ട്രിക്ട് പ്രാർത്ഥന പങ്കാളികളുടെ ഡയറക്ടറായിരുന്ന പരേതനായ വൈ. ഡാനിയൽ സാറിന്റെ സഹധർമ്മിണിയാണ്. കൊട്ടാരക്കര ആവണീശ്വരം സ്വദേശിയായ ടീച്ചർ ഹൈസ്കൂൾ ഹെഡ്മിസ്ട്രസായി വിരമിച്ചശേഷം കുറേ വർഷങ്ങളായി ഏക മകൻ പാസ്റ്റർ ബിജു ഡാനിയലിനോപ്പം ഡാളസ്സിൽ പാർത്തു വരികയായിരുന്നു. സംസ്ക്കാരശുശ്രൂഷ മാർച്ച് 7,8 തീയതികളിൽ ഡാളസ്സിൽ നടന്നു.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 05.03.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 | Issue. 5 | RNI. No. KERMAL/2002/09730 | Annual Subscription 200 | Pages 8



ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

ദൈവം ജീവിക്കുന്നു; അത്ഭുതങ്ങൾ സംഭവിക്കും

ലാസർ കല്ലറയ്ക്കുള്ളിലാണ്. കുടുംബാംഗങ്ങൾ കരഞ്ഞു കലങ്ങിയ കണ്ണുമായി അവിടെയുണ്ട്; നാല് നാളുകളായി; വലിയ പുരുഷാരവുമുണ്ട്. ലാസർ രോഗിയായി കിടക്കുമ്പോഴെ കർത്താവ് വരുമെന്ന് കരുതിയവരാണ് അധികവും. അപ്പോഴൊന്നും വന്നില്ലെന്നു മാത്രമല്ല, ഇനി പ്രത്യേകിച്ചൊന്നും സംഭവിക്കുവാൻ സാദ്ധ്യതയില്ലെന്നു സമൂഹം ചിന്തിച്ചു തുടങ്ങിയപ്പോഴാണ് യേശുനാഥന്റെ വരവ്.

ആളുകളുടെ മനസ്സ് ഭിന്നമായ ചിന്തകൾ കൊണ്ട് നിറഞ്ഞിട്ടുണ്ടാവാം. ആ കുടുംബത്തിലെ ഏക ആൺതരിയുടെ ജീവൻ നിലനിർത്തുന്നതിൽ ആ കുടുംബവുമായി വലിയ അടുപ്പമുണ്ടായിരുന്ന കർത്താവ് പോലും വേണ്ടത്ര ശ്രദ്ധ നൽകിയില്ലല്ലോ എന്ന് ചിന്തിച്ചവർ ആൾക്കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കും. വെറുപ്പോടും ദേഷ്യത്തോടും കർത്താവിനെ സമീപിച്ചവരും കണ്ടേക്കാം. ഇനിയെന്തിനാണ് വന്നത്? എന്ന ആക്ഷേപത്തോടെ സംസാരിച്ചവരോ നിരൂപിച്ചവരോ ആൾക്കൂട്ടത്തിൽ ഉണ്ടായിരുന്നു കാണും. അങ്ങനെ നിരാശയുടെയും അസാദ്ധ്യതകളുടെയും നെഗറ്റീവ് എനർജി യഥേഷ്ടം പങ്കിട്ട് അന്തരീക്ഷത്തെ മലീമസമാക്കിയവർ ധാരാളം ഉണ്ടായിരുന്നു കാണും.

അവരിൽ കർത്താവിനൊപ്പം ഇന്നലെകളിൽ കൂട്ടായ്മ കൂടിയവരും, വചനം കേട്ടവരും ഉണ്ടായിരിക്കാം; അത്ഭുതങ്ങളുടെ അപ്പം ഭക്ഷിച്ചവരും രോഗത്തിന്റെ ബന്ധനങ്ങളിൽ നിന്നും മോചിക്കപ്പെട്ടവരും ഉണ്ടായിരിക്കാം. കർത്താവിനൊപ്പം നടന്ന് പോസിറ്റീവായി ചിന്തിച്ചവരും ജീവിച്ചവരുമൊക്കെ ലാസറിന്റെ നാലാം നാളിൽ കരിമേഘത്തണലിൽ കഴിയുകയാണെന്ന് തോന്നും. സ്വന്തം സഹോദരി പോലും നിരാശയുടെ വാക്കുകൾ പറയണമെങ്കിൽ,വിശ്വാസയാത്ര തുടരുവാനുള്ള ബലം നാല് ദിവസം പോലും ആ കുടുംബത്തിൽ പകരപ്പെടാൻ കഴിയാതെ പോയി എന്നല്ലേ കരുതേണ്ടത്.

അങ്ങനെ പ്രതീക്ഷകൾ അസ്തമിച്ച ആ സമൂഹത്തിന്റെ മധ്യത്തിലേക്ക് തമ്പുരാൻ നടന്നു കയറി. ഇന്നലെവരെ ആർപ്പോടെ ഒപ്പം കൂടിയവർ ഇന്നു നിരാശ നിറയുന്ന മുഖവുമായി ഓരം പറ്റി നിന്നപ്പോഴും കർത്താവ് ഉള്ളിൽ ബലപ്പെട്ടു തന്നെ മുന്നോട്ട് പോയി. മനുഷ്യപുത്രന് ഇതൊക്കെത്തന്നെയായിരിക്കും അനുഭവം എന്നു കർത്താവിനറിയാം. എല്ലാവരുടെയും കണ്ണ് കല്ലറയിലേക്കായിരുന്നു. ഹ്രസ്വദൃഷ്ടികൾക്ക് അങ്ങനെയാണ് അന്നും ഇന്നും കണ്ണുകൾ പ്രശ്നങ്ങളിൽ ഉടക്കി നിൽക്കും. അതിനപ്പുറത്തേക്ക് കണ്ണുകൾ ഉയർത്തുവാൻ കഴിയാത്തവണ്ണം വിശ്വാസത്തിൽ ബലഹീനരായിപ്പോകും.

ആൾക്കൂട്ടത്തിനിടയിൽ അഞ്ചപ്പവും രണ്ടു മീനുമായിരിക്കുന്ന ബാലകനിലേക്കും ഒരാൾക്കു മാത്രമേ എത്തുവാൻ കഴിഞ്ഞുള്ളൂ. ബാക്കിയുള്ളവർ പ്രശ്നങ്ങളുടെ വലിപ്പത്തിൽ കണ്ണു പതിച്ചിരിക്കുകയായിരുന്നു. വിശ്വാസികൾ ദീർഘദൃഷ്ടികൾ ആയിരിക്കണം. കണ്ണുകൾ പ്രശ്നങ്ങൾക്കും അപ്പുറത്തേക്കു പതിപ്പിക്കുവാൻ കഴിയണം.

പ്രശ്നങ്ങൾ എപ്പൊഴൊക്കെ വന്നാലും അതിൽ ഉറ്റുനോക്കിയിരിക്കരുത്, അത് മനസിനെ ഉടക്കും വിശ്വാസത്തെ തകർക്കും. നാം നമ്മുടെ കണ്ണുകൾ പ്രശ്നങ്ങളിൽ നിന്നും ഊരിയെടുക്കണം. കണ്ണുകൾ സ്വർഗത്തേക്കുയർത്തണം. അതാണ് യേശുനാഥൻ ചെയ്തത്. ലാസറിന്റെ കല്ലറയിലോ അഞ്ചപ്പത്തിലും രണ്ടു മീനിലുമോ ആയിരുന്നില്ല ആ കണ്ണുകൾ പതിച്ചത്. അവിടുന്ന് സ്വർഗത്തേക്ക് നോക്കി.

സ്വർഗത്തേക്കു നോക്കുവാൻ, ഇന്നലെ വരെ നടത്തിയ ദൈവത്തെ അറിയണം. കടലിലെ വിടുതലുകൾ, രോഗികൾക്കു സൌഖ്യം, ഭൂതങ്ങൾ അലറിയോടിയത്, കാനാവിലെയും ബഥേസ്ദയിലേയും അത്ഭുതങ്ങൾ അതൊക്കെ മനസിൽ ഓടിയെത്തണം . അങ്ങനെ പ്രവർത്തിച്ച ദൈവത്തിനു നന്ദി പറയുമ്പോൾ മുന്നിൽ ഉയർന്നു നിൽക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകാനാവശ്യമായ വഴികൾ തുറക്കും എന്നു യേശുനാഥനറിയാം.

അതാണ് ലാസറിന്റെ കല്ലറമുറ്റത്തും, ആയിരങ്ങൾ അണിനിരന്ന നിർജ്ജന പ്രദേശത്തും തമ്പുരാൻ തുറന്നിടുന്ന അത്ഭുതങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

പ്രശ്നങ്ങളിൽ കണ്ണും നട്ട് കരഞ്ഞു കൊണ്ടിരിക്കരുത്, ഇതുവരെ നടത്തിയ തമ്പുരാൻ ഇനിയും നടത്തുവാൻ ശക്തനാണെന്ന തിരിച്ചറിവോടെ സ്വർഗത്തിലേക്ക് നോക്കി നന്ദി പറഞ്ഞ് അടുത്ത നിമിഷം പുതിയൊരത്ഭുതം അവിടുന്ന് ചെയ്യുമെന്ന് ഉറച്ചു വിശ്വസിക്കുക. വിശ്വാസം പുതിയൊരത്ഭുതത്തിനായി നമ്മുടെ മനസിനെ ചൂട് പിടിപ്പിക്കും, അതിലൂടെ അസാധാരണമായ പുതു വഴികൾ പാകുവാൻ ദൈവം ഇടപെടും. അത്ഭുതങ്ങൾ സംഭവിക്കുക തന്നെ ചെയ്യും കാരണം നമ്മുടെ ദൈവം ജീവിക്കുന്നു. അതേ നമ്മുടെ ദൈവം ജീവിക്കുന്നു.

പ്രാർത്ഥനാസംഗമം 3-ാമത് കുടുംബസംഗമം

ഷാർജ: പ്രാർത്ഥനാസംഗമം (International Prayer Fellowship) 3-ാമത് കുടുംബ സംഗമം ഏപ്രിൽ 29 മുതൽ മെയ് 1 വരെ കുമ്പനാട്, മുട്ടുമൺ ഐ സി പി എഫ് ക്യാമ്പ് സെന്റർ റിൽ നടക്കും. 'പ്രാർത്ഥനയിൽ പോരാടുക' എന്നതാണ് ഈ വർഷത്തെ തീം.കോവിഡ് കാലത്ത് ആലയങ്ങളുടെ വാതിൽ അടഞ്ഞപ്പോൾ, ജനം ഭീതിയിൽ ആയപ്പോൾ 2020 ജൂൺ 1 മുതൽ സൂമിലൂടെ തുടങ്ങിയ പ്രഭാത പ്രാർത്ഥനയിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പങ്കെടുത്ത അനേകം കുടുംബങ്ങളുടെ കൂടി ചേരലാണ് ഈ കുടുംബസംഗമം. ഇപ്പോഴും എല്ലാ ദിവസവും രാവിലെ 5:30 മുതൽ 7:30 വരെ (ഇന്ത്യൻ സമയം)(രാവിലെ 4 മുതൽ 6 വരെ യു.എ. ഈ സമയം) മുടങ്ങാതെ പ്രഭാത പ്രാർത്ഥന നടത്തുന്നു വരുന്നു.

ഭാരതത്തിലെ 22 സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും പ്രഭാത പ്രാർത്ഥനയിൽ പങ്കെടുക്കുന്നവർ ഉൾപ്പെടെ ത്രിദിന കുടുംബ സംഗമത്തിൽ പങ്കെടുക്കും. പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ, ജെറിൻ മാത്യു എന്നിവർ നേതൃത്വം നൽകും സഹോദരിമാർക്ക് വേണ്ടിയുള്ള പ്രത്യേക സെക്ഷൻ സിസ്റ്റർ മിനി ജോസ് നേതൃത്വം നൽകും.

ഐപിസി കറുകച്ചാൽ സെന്റർ പാസ്റ്ററായി സാം പി.ജോസഫ് നിയമിതനായി



കുമ്പനാട്: ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ കറുകച്ചാൽ സെന്റർ പാസ്റ്ററായി സഭാപ്രസ്ബിറ്ററി അംഗമായ പാസ്റ്റർ സാം പി.ജോസഫ് നിയമിതനായി. സഭയുടെ സീനിയർ ശുശ്രൂഷകൻ പരേതനായ പാസ്റ്റർ ടി.എ.ചെറിയാന്റെ പിൻഗാമിയായാണ് നിയമനം. നിലവിൽ തിരുവല്ല സെന്ററിലെ വേങ്ങൽ ഐപിസി സഭാ ശുശ്രൂഷകനും ഐപിസി സ്റ്റേറ്റ് പിജി ബോർഡ് ചെയർമാനുമാണ്. മല്ലപ്പള്ളി- നെടുങ്ങാടപ്പള്ളി പേഴത്തോലിക്കൽ പരേതരായ പാസ്റ്റർ പി.ടി.ജോസഫ് (മേലുകാവ് മുൻ സെന്റർ പാസ്റ്റർ) - ചിന്നമ്മ ജോസഫ് ദമ്പതികളുടെ മകനാണ്. ഭാര്യ: വൽസമ്മ സാം. മക്കൾ: സ്റ്റീവ്, ജൊഹാൻ.

ഐപിസി ഫാമിലി കോൺഫ്രൻസ് സുവനീറിലേക്ക് പരസ്യങ്ങളും സാഹിത്യ സൃഷ്ടികളും ക്ഷണിക്കുന്നു

ന്യൂയോർക്ക്: ജൂലൈ 17 മുതൽ 20 വരെ കാനഡയിലെ എഡ്മന്റണിൽ നടക്കുന്ന ഇരുപതാമത് ഐപിസി. ഫാമിലി കോൺഫ്രൻസിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിലേക്ക് പരസ്യങ്ങൾ ക്ഷണിക്കുന്നു.

ഇതുവരെ നടന്നിട്ടുള്ള കോൺഫ്രൻസുകളുടെ കൺവീനർ, സെക്രട്ടറി, ട്രഷറർ, യൂത്ത് കോർഡിനേറ്റർ, ലേഡീസ് കോർഡിനേറ്റർ എന്നിവർ തങ്ങളുടെ ഫോട്ടോയും ഫോൺ നമ്പറും പ്രസിദ്ധീകരണത്തിനായി അയച്ചു തരേണ്ടതാണെന്ന് ഭാരവാഹികൾ അറിയിച്ചു. കഴിഞ്ഞകാലങ്ങളിൽ നടന്നിട്ടുള്ള കോൺഫറൻസുകളെ കുറിച്ചുള്ള ഓർമ്മകൾ പുതുക്കത്തക്കവിധം അനുഭവങ്ങളോ ഫോട്ടോകളോ കൈവശമുള്ളവർ അയച്ചുതന്നാൽ സുവനീറിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

ഫുൾ പേജ് 500 ഡോളർ, അര പേജ് 300 ഡോളർ, ബാക്ക് കവർ പേജ് 5000 ഡോളർ, ഇൻസൈഡ് കവർ പേജ് 3000 ഡോളർ എന്നീ നിരക്കുകളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കും. ഫുൾ പേജ് പരസ്യം



25.2 സെ.മീ ഉയരവും ഹാഫ് പേജ് 16.5 സെ.മീ വീതിയിലും, ഹാഫ് പേജ് പരസ്യം 12.6 സെ.മീ ഉയരവും 16.5 സെ.മീ വീതിയിലും ആണ് നൽകേണ്ടത്.

പരസ്യങ്ങളും സാഹിത്യ സൃഷ്ടികളും 2025 മാർച്ച് 31ന് മുമ്പായി ipcfc.souvenir@gmail.com എന്ന ഈമെയിൽ അഡ്രസ്സിൽ അയച്ചു തരണം. പരസ്യങ്ങളുടെ ചെക്കുകൾ IPC Family Conference എന്ന പേരിൽ ട്രഷറാറുടെ വിലാസത്തിൽ നൽകാവുന്നതാണ്.

വിവരങ്ങൾക്ക്: രാജൻ ആര്യപ്പള്ളിൽ (ചീഫ് എഡിറ്റർ) - (678) 571 6398, നിബു വെള്ളവന്താനം (അസോസിയേറ്റ് എഡിറ്റർ) - (516) 643 3085, ഫിന്നി ഏബ്രഹാം (നാഷണൽ സെക്രട്ടറി) - (405) 204 4131

വായനക്കാരുടെ അടിയന്തിര ശ്രദ്ധയ്ക്ക്

സ്വർഗീയധ്വനി വരിസംഖ്യ ഇതുവരെയും നൽകിയിട്ടില്ലാത്ത വായനക്കാർ നിങ്ങളുടെ കുടിശ്ശിക ഉടനെ ഓഫീസിലേക്കയച്ച് ഈ ശുശ്രൂഷയിൽ പങ്കാളിയാകുമല്ലോ! വരിസംഖ്യയും സംഭാവനകളും ഉടനെ അയച്ചു സഹായിക്കുമല്ലോ.

A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google Pay No. 9447593865. Name : Finny P Mathew

Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon